23

ഒക്ടോബർ 2020
വെള്ളി
1196 തുലാം 7 1442 റ. അവ്വൽ 6

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 ■ KARAVAL DAILY PUBLISHED FROM KASARAGOD ■ കാസർകോട്•പുസ്തകം 27 •ലക്കം 202 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട്–ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം–കാസർകോട്–എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
(Shayda Marg.)
BANGALORE
Kohinoor
Behind Sagar Talkies,
Ghandhi Nagar, Bangalore
080 2287 7199
KASARAGOD
Kohinoor (Safar) Travels
New Bus Stand. Ph: 04994-223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

ബി എം എസ് നേതാവിനെ കൊലപ്പെടുത്തിയ കേസിലെ രണ്ടാം പ്രതിയായ സി പി എം പ്രവർത്തകൻ ട്രയിൻ തട്ടി മരിച്ച നിലയിൽ

തൃക്കരിപ്പൂർ: പയ്യന്നൂരിലെ ബി എം എസ് നേതാവിനെ കൊലപ്പെടുത്തിയ കേസിലെ മുഖ്യപ്രതിയായ സി പി എം പ്രവർത്തകനെ ട്രയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി.

ഇന്നലെ രാത്രി 9 മണിയോടെ തൃക്കരിപ്പൂർ ബീരിച്ചേരി റെയിൽവെ ഗേറ്റിനടുത്താണ് സംഭവം. കരിവെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാരനും സി പി എം പ്രവർത്തകനുമായ പെരളം ചീറ്റയിലെ റിജു (31)വിനെയാണ് ബീരിച്ചേരി റെയിൽവെ ഗേറ്റിനടുത്ത് ട്രയിൻ തട്ടി മരിച്ച നിലയിൽ കാണപ്പെട്ടത്.

പയ്യന്നൂരിൽ 2016 ജൂലായ് 11ന് രാത്രിയാണ് ബി എം എസ് നേതാവും ഓട്ടോറിക്ഷാ ഡ്രൈവറുമായ

റിജു

അന്നൂർ പടിഞ്ഞാറെക്കരയിലെ സി കെ രാമചന്ദ്രനെ വീട്ടിൽക്കയറി ഭാര്യയുടെയും മക്കളുടെയും മുന്നിൽവച്ച് കൊലപ്പെടുത്തിയ കേസിലെ രണ്ടാം പ്രതിയാണ് റിജു. ഈ കേസിൽ അറസ്റ്റിലായ ഇയാൾ പിന്നീട് ജാമ്യത്തിലിറങ്ങിയതായിരുന്നു.

കരിവെള്ളൂർ സർവ്വീസ് സഹകരണ ബേങ്കിൽ നൈറ്റ് വാച്ച് മാനായി ജോലി ചെയ്ത് വരികയായിരുന്നു. ചന്തേര പൊലീസ് സ്ഥലത്തെത്തി മൃതദേഹം ഇൻക്വസ്റ്റ് നടത്തി. മൃതദേഹം പോസ്റ്റുമോർട്ടത്തിനായി പരിയാരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. ഗോവിന്ദൻ- ചന്ദ്രാവതി ദമ്പതികളുടെ മകനാണ്. ഷിജു സഹോദരനാണ്.

ബൈക്ക് അപകടത്തിൽ പ്ലസ് വൺ വിദ്യാർത്ഥി മരിച്ചു; സഹോദരനു ഗുരുതരം

ഹൊസങ്കടി: നിയന്ത്രണം തെറ്റിയ ബൈക്ക് വൈദ്യുതി തൂണിലിടിച്ച് മറിഞ്ഞ് ഉണ്ടായ അപകടത്തിൽ പ്ലസ് വൺ വിദ്യാർത്ഥി മരിച്ചു. ഗുരുതരമായി പരിക്കേറ്റ നിലയിൽ സഹോദരനെ മംഗ്ളൂരുവിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിൽ പരിക്കേറ്റ നിലയിൽ വഴി യാത്രക്കാരനെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

അംഗഡിപദവ് സ്വദേശിയും കോഴിക്കോട്ട് കെ എസ് ഇ ബിയിൽ സബ് എഞ്ചിനീയറുമായ ഗോപാലനായിക്കിന്റെ മകൻ ജി അശ്വിത് (17)ആണ് മരിച്ചത്. ഇയാളുടെ സഹോദരനും കാഞ്ഞങ്ങാട്ടെ ഡിഗ്രി വിദ്യാർത്ഥിയുമായ അശ്വിൻ (20)ആണ് മംഗ്ളൂരുവിലെ ആശുപത്രിയിൽ കഴിയുന്നത്. സി പി സി ആർ ഐ കേന്ദ്രീയ വിദ്യാലയയിലെ പ്ലസ് വൺ വിദ്യാർത്ഥിയാണ്

അശ്വിത്

അശ്വിത്.സഹോദരങ്ങളായ ഇരുവരും തൊക്കോട്ടേക്ക് പോകുന്നതിനിടയിൽ ഇന്നലെ വൈകിട്ടു തലപ്പാടിക്കു സമീപത്തെ കോട്ടേക്കാർ, ബീരിയിലാണ് അപകടം. നിയന്ത്രണം വിട്ട ബൈക്ക് വഴി യാത്രക്കാരനെ ഇടിച്ചു വീഴ്ത്തിയതിനു ശേഷം റോഡരുകിലെ വൈദ്യുതി പോസ്റ്റിലിടിക്കുകയായിരുന്നുവെന്നു പറയുന്നു. അശ്വിത് അപകട സ്ഥലത്തു

അപകടത്തിൽ തകർന്ന ബൈക്ക്

തന്നെ മരണപ്പെട്ടു. ഹൊസങ്കടിയിൽ ഗ്യാസ് ഏജൻസി നടത്തുന്ന ശോഭയാണ് അശ്വിതിന്റെ മാതാവ്. അക്ഷിത് മറ്റൊരു സഹോദരനാണ്. അപകടം സംബന്ധിച്ച് ഉള്ളാൾ പൊലീസ് കേസെടുത്തു.

കെ. ജനാർദ്ദനൻ അന്തരിച്ചു

കാസർകോട്: കാസർകോട്ടെ സി.പി.ഐ.യുടെ ആദ്യകാല സംഘാടകനും കാസർകോട് ടൗൺ ബ്രാഞ്ച് മുൻ സെക്രട്ടറിയുമായിരുന്ന കെ.ജനാർദ്ദനൻ (74) ഹൃദയ സംബന്ധമായ അസുഖം മൂലം അന്തരിച്ചു. നിലവിൽ കാസർകോട് മുനിസിപ്പൽ ബ്രാഞ്ച് അംഗമാണ്. കാസർകോട് നെല്ലിക്കുന്നിലെ സുബ്രഹ്മണ്യ ക്ഷേത്ര നിർമ്മാണത്തിന് സജീവ പങ്കാളിത്തം വഹിക്കുകയും ദീർഘകാലം ക്ഷേത്ര കമ്മിറ്റി പ്രസിഡണ്ടായും പ്രവർത്തിച്ചു. ഭാര്യ: കമലാക്ഷി. മക്കൾ: പ്രേമലത, ആശാലത, പുഷ്പലത, സന്ധ്യ, പ്രകാശൻ, വിനോദ് കുമാർ, വാസന്തൻ, രതീഷ്. മരുമക്കൾ: വേലായുധൻ, സഞ്ജീവൻ, പ്രഭാകരൻ, നാഗരാജ് സുനിത, ഷീബ, മഞ്ജുള. നിര്യാണത്തിൽ സി പി ഐ കാസർകോട് മണ്ഡലം കമ്മറ്റി, വയലാംകുഴി ബ്രാഞ്ച് കമ്മിറ്റികൾ അനുശോചിച്ചു.

കെ.ജനാർദ്ദനന്റെ നിര്യാണത്തിൽ മന്ത്രി ഇ.ചന്ദ്രശേഖരൻ, സി പി ഐ ജില്ലാ സെക്രട്ടറി ഗോവിന്ദൻപള്ളിക്കാപ്പിൽ, മണ്ഡലം സെക്രട്ടറി കെ കുഞ്ഞിരാമൻ എന്നിവർ അനുശോചിച്ചു.

അക്രമം; യുവാവിനെതിരെ കേസെടുത്തു

കാസർകോട്: മുൻ വൈരാഗ്യത്തിന്റെ പേരിൽ യുവാവിനെ ഇരുമ്പു വടികൊണ്ട് അടിച്ചു പരിക്കേൽപ്പിച്ചതായി പരാതി. ബാങ്കോട്.സീനത്ത്നഗറിലെ കബീറി(22)ന്റെ പരാതിയിന്മേൽ പട്ടേൽ റോഡിലെ അഫ്രീദിനെതിരെ ടൗൺ പൊലീസ് കേസെടുത്തു.

ഒളിപ്പിച്ച നിലയിൽ മദ്യം പിടികൂടി

ചെർക്കള: കുറ്റിക്കാട്ടിൽ ഒളിപ്പിച്ച നിലയിൽ 17.28 ലിറ്റർ കർണ്ണാടക നിർമ്മിത വിദേശ മദ്യം കാസർകോട് എക്സൈസ് പിടിച്ചു. ഇന്നലെ ഉച്ചയ്ക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജോയ്ജോസഫിന്റെ നേതൃത്വത്തിൽ നടന്ന റെയ്ഡിലാണ് മദ്യം പിടികൂടിയത്. ചെർക്കളയിൽ നിന്ന് കാഞ്ഞങ്ങാട്ടേക്കു പോകുന്ന റോഡരികിലെ കാട്ടിൽ നിന്നാണ് മദ്യം പിടിച്ചത്. രഹസ്യ വിവരത്തെ തുടർന്നായിരുന്നു നടപടി.

അന്തുക്കാ

സംസ്ഥാനത്ത് അവയവ കച്ചവട മാഫിയ സജീവം

- സർക്കാർ ജീവനക്കാർക്കും ബന്ധം; ക്രൈംബ്രാഞ്ച് കേസെടുത്തു
- മറിഞ്ഞത് ലക്ഷങ്ങൾ
- നടന്നത് നിരവധി അനധികൃത ഇടപാടുകൾ

തിരു: സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ഒത്താശയോടെ അവയവ കച്ചവട മാഫിയ സജീവമാണെന്നു ക്രൈംബ്രാഞ്ച് റിപ്പോർട്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ക്രൈംബ്രാഞ്ച് തൃശൂർ എസ് പി ക്കാണ് അന്വേഷണ ചുമതല. അവയവ കച്ചവടത്തെ കുറിച്ച് നേരത്തെ ക്രൈംബ്രാഞ്ച് ഐ ജിക്കു രഹസ്യ വിവരം ലഭിച്ചിരുന്നു. ഇതിന്റെ ചുവടു പിടിച്ചു നടത്തിയ അന്വേഷണത്തിൽ രണ്ടര വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നിരവധി അവയവ കച്ചവടം നടന്നതായി കണ്ടെത്തി. മിക്ക ഇടപാടുകളും നടന്നത് സർക്കാർ ജീവനക്കാരുടെ ഒത്താശയോടെയാണെന്നും കണ്ടെത്തി.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അവയവ കൈമാറ്റം നടന്നത് തൃശൂർ, കൊടുങ്ങല്ലൂർ ഭാഗങ്ങളിലാണെന്നും റിപ്പോർട്ടിലുണ്ട്. ഇടനിലക്കാർ വഴിയാണ് കിഡ്നി അടക്കമുള്ള അവയവ വില്പന നടന്നതെന്നും പലർക്കും വാഗ്ദാനം നൽകിയ തുക നൽകിയില്ലെന്നും റിപ്പോർട്ടിലുണ്ട്.റിപ്പോർട്ട് വിശദമായി പരിഗണിച്ച ശേഷമാണ് കേസ് രജിസ്റ്റർ ചെയ്ത് വിശദമായ അന്വേഷണം നടത്താൻ ഡി ജി പി ലോക്നാഥ് ബെഹ്റ ഉത്തരവായത്.

സംസ്ഥാന വ്യാപകമായിട്ടുള്ള അന്വേഷണത്തിനാണ് ഉത്തരവ്.

പുഴയിലേക്ക് മറിഞ്ഞ കാർ

കുംബഡാജെയിൽ കാർ തോട്ടിലേക്ക് മറിഞ്ഞു

ബദിയഡുക്ക: ഓടിക്കൊണ്ടിരുന്ന കാർ 15 അടി താഴ്ചയുള്ള തോട്ടിലേയ്ക്ക് മറിഞ്ഞു കാർ യാത്രക്കാരായ യുവാക്കൾ പരിക്കില്ലാതെ രക്ഷപ്പെട്ടു. കുംബഡാജെ മണ്ടമെയിലാണ് അപകടം. കുദിങ്കില സാദിഖ് (21), കുംബഡാജെയിലെ റാഷിദ് (22) എന്നിവർ സഞ്ചരിച്ചിരുന്ന കാറാണ് ഇന്നലെ വൈകുന്നേരം തോട്ടിലേയ്ക്ക് മറിഞ്ഞത്. കാർ പാലത്തിലെത്തും മുമ്പ് നിയന്ത്രണം തെറ്റി തോട്ടിലേയ്ക്ക് മറിഞ്ഞാണ് അപകടം.

ചട്ടഞ്ചാലിലെ ടാറ്റാ കോവിഡ് ആശുപത്രി തുറന്ന് പ്രവർത്തിപ്പിക്കാത്തതിൽ പ്രതിഷേധിച്ച് ജനശ്രീ ജില്ലാ കമ്മിറ്റി നടത്തിയ ധർണ്ണ ജില്ലാ ചെയർമാൻ കെ നീലകണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു.

കാസർകോട്ട് ആറ് ഡ്രൈവർമാർക്ക് കോവിഡ്; കെ എസ് ആർ ടി സി സർവ്വീസുകൾ വെട്ടിക്കുറച്ചു

കാസർകോട്: കെ എസ് ആർ ടി സി ഡിപ്പോയിലെ ആറു ഡ്രൈവർമാർക്ക് കോവിഡ് സ്ഥിരീകരിച്ചു. ഇതേ തുടർന്ന് ഇവരുമായി നേരിട്ട് സമ്പർക്കം ഉണ്ടായിരുന്ന 40 ഡ്രൈവർമാർ നിരീക്ഷണത്തിൽ പോയി.

ഡിപ്പോയിൽ ആകെയുള്ള 110 ഡ്രൈവർമാരിൽ 46 പേരും ചികിത്സയിലും നിരീക്ഷണത്തിലുമായതോടെ ഒൻപതു സർവ്വീസുകൾ വെട്ടിക്കുറച്ചു.

തലപ്പാടി, കണ്ണൂർ, പെർള, മുള്ളേരിയ റൂട്ടിലെ സർവ്വീസുകളാണ് വെട്ടിക്കുറച്ചത്.

കോവിഡ് കാലത്തിനു മുമ്പ് കാസർകോട് ഡിപ്പോയിൽ നിന്നു 92 ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്. ലോക്ക് ഡൗൺ പിൻവലിച്ചതോടെ 44 ഷെഡ്യൂൾ സർവ്വീസ് ആരംഭിക്കുകയായിരുന്നു. ഡ്രൈവർമാർക്ക് ഇപ്പോൾ കോവിഡ് സ്ഥിരീകരിച്ചതോടെ സർവ്വീസുകളുടെ എണ്ണം 35 ഷെഡ്യൂളുകളായി കുറഞ്ഞു.അതേസമയം ജില്ലയിൽ ഇന്നലെ 216 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു. ഇവരിൽ 207 പേർക്കു സമ്പർക്കത്തിലൂടെയാണ് രോഗബാധ ഉണ്ടായത്. ഇതിൽ നാലുപേർ വിദേശത്തു നിന്നു എത്തിയവരും അഞ്ചു പേർ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തിയവരുമാണ്.

കോവിഡ്: രാജ്യത്ത് ഇന്ന് 54366 രോഗികൾ കൂടി

ന്യൂഡൽഹി: രാജ്യത്ത് പുതുതായി കോവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം ഇന്നും അറുപതിനായിരത്തിൽ താഴെ. 24 മണിക്കൂറിനിടെ 54,366 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതോടെ കോവിഡ് ബാധിതരുടെ എണ്ണം 77,61,312 ആയി. 690 മരണം കൂടി ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുണ്ട്. ഇതോടെ മരണസംഖ്യ 1,17,306 ആയി.രാജ്യത്ത് രോഗമുക്തി നിരക്ക് ഉയരുന്നതാണ് ആശ്വാസം പകരുന്ന വാർത്ത. 24 മണിക്കൂറിനിടെ 73,979 പേരാണ് രോഗമുക്തി നേടിയത്.

പള്ളിവളപ്പിലെ ചന്ദനമരം മോഷണം; പള്ളിക്കമ്മിറ്റി സെക്രട്ടറി റിമാന്റിൽ; കൂട്ടാളികളെ തെരയുന്നു

കാസർകോട്: മുളിയാർ, ബാവിക്കര ജുമാമസ്ജിദ് വളപ്പിലെ ഖബർസ്ഥാനിൽ നിന്നു രണ്ടു ലക്ഷത്തോളം രൂപ വിലവരുന്ന ചന്ദനം മുറിച്ചു കടത്തിയ കേസിൽ പള്ളിക്കമ്മിറ്റി സെക്രട്ടറി അറസ്റ്റിൽ. ബാവിക്കര, മുർഷിത്ത് വില്ലയിലെ ബി.എ. മുഹമ്മദ് കുഞ്ഞി (60)യെയാണ് ഫോറസ്റ്റ് റേഞ്ച് ഓഫീസർ എൻ. അനിൽ കുമാറും സംഘവും അറസ്റ്റു ചെയ്തത്. ഇയാളെ കോടതി രണ്ടാഴ്ചത്തേയ്ക്ക് റിമാന്റു ചെയ്തു. ഇയാളുടെ കൂട്ടുപ്രതിയായ പുതിയവീട് ബഷീറിനെ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും ഇയാൾ ഒളിവിലാണെന്നും അധികൃതർ പറഞ്ഞു.

ബി.എ.മുഹമ്മദ് കുഞ്ഞി

ഈ മാസം 20ന് ആണ് പള്ളി വളപ്പിൽ നിന്നു 16 വർഷത്തിലധികം പ്രായമുള്ള ചന്ദനമരം മോഷണം പോയത്. വിവരമറിഞ്ഞ് കാസർകോട് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിലെത്തിയ വനം വകുപ്പ് അധികൃതരെത്തി സ്വമേധയാ കേസെടുക്കുകയായിരുന്നു. അന്വേഷണം തുടരുന്നതിനിടയിലാണ് ചന്ദനത്തടി ചെത്തി മിനുക്കി ചാക്കിലാക്കിയ നിലയിൽ മിനിഞ്ഞാന്ന് പുലർച്ചെ പള്ളിമുറ്റത്ത് കണ്ടെത്തിയത്. വിവരമറിഞ്ഞ് ഫോറസ്റ്റ് റേഞ്ചർ അനിൽ കുമാർ നടയിൽ സ്ഥലത്തെത്തി ചന്ദനമുട്ടികൾ കസ്റ്റഡിയിലെടുത്തു.

അന്വേഷണത്തിൽ പള്ളിക്കമ്മറ്റി സെക്രട്ടറിയുടെ നേതൃത്വത്തിലാണ് ചന്ദനമരം മുറിച്ചു കടത്തിയതെന്നു വ്യക്തമായിരുന്നു. തുടർന്ന് അയാളെ വനം വകുപ്പ് ഓഫീസിലേയ്ക്ക് വിളിച്ചു വരുത്തിയാണ് അറസ്റ്റു രേഖപ്പെടുത്തിയത്. ഒളിവിൽ പോയ പ്രതിയെ കണ്ടെത്താൻ അന്വേഷണം ഊർജ്ജിതമാക്കിയതായി അധികൃതർ പറഞ്ഞു.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിലാളി ദ്രോഹനടപടികളിൽ പ്രതിഷേധിച്ചു നിർമ്മാണ തൊഴിലാളി യൂണിയൻ (എസ് ടി യു) നടത്തിയ പ്രതിഷേധം കെ പി മുഹമ്മദ് അഷ്റഫ് ഉദ്ഘാടനം ചെയ്യുന്നു

കോവിഡ് ഡ്യൂട്ടിക്കിടെ അധ്യാപകനെ അക്രമിച്ചു

കാഞ്ഞങ്ങാട്: കോവിഡ് ഡ്യൂട്ടിക്കിടെ അധ്യാപകനെ സംഘം ചേർന്ന് മർദ്ദിച്ചതായി പരാതി. പരപ്പ ഗവ.സ്കൂൾ അധ്യാപകൻ രമേശനാണ് ഭീമനടി, ചെന്നടുക്കത്ത് അക്രമത്തിനു ഇരയായത്.'മാഷ്' ഡ്യൂട്ടിയിലായിരുന്നു രമേശൻ. പുറത്തിറങ്ങുമ്പോൾ മാസ്ക്ക് ധരിക്കണമെന്ന് ഉപദേശിച്ചതിന്റെ വിരോധത്തിലാണ് മർദ്ദിച്ചതെന്നു പരാതിപ്പെട്ടു. സംഭവത്തിൽ സുരേഷ്, സക്കറിയ എന്നിവർക്കെതിരെ ചിറ്റാരിക്കാൽ പൊലീസ് കേസെടുത്തു.

ഓടിക്കൊണ്ടിരുന്ന കാറിനു തീപിടിച്ചു

മൊഗ്രാൽ: ഓടുന്ന കാറിനു തീപിടിച്ചു; കുടുംബം അത്ഭുതകരമായി രക്ഷപ്പെട്ടു. ഇന്നലെ വൈകുന്നേരം മൂന്നര മണിയോടെ മൊഗ്രാൽ ദേശീയപാതയിലാണ് അപകടം.

ആരിക്കാടിയിലെ അബ്ദുൾ നാസറും കുടുംബവും സഞ്ചരിച്ചിരുന്ന കാറിനാണ് തീപിടിച്ചത്. മൊഗ്രാലിൽ എത്തിയപ്പോൾ കാറിന്റെ എഞ്ചിൻ ഭാഗത്തു നിന്നു അസാധാരണ ശബ്ദം കേട്ടപ്പോൾ നിർത്തുകയും ഉടൻ തീപിടിക്കുകയുമായിരുന്നുവെന്നു പറയുന്നു. കാറിനു അകത്തുണ്ടായിരുന്നവർ ഉടൻ പുറത്തിറങ്ങിയതിനാൽ ആർക്കും പരിക്കില്ല. സമീപവാസികൾ വെള്ളം തെളിച്ചുവെങ്കിലും തീകെടുത്താനായില്ല. തുടർന്ന് സ്റ്റേഷൻ ഓഫീസർ കെ.അരുൺ കുമാറിന്റെ നേതൃത്വത്തിലെത്തിയ ഫയർഫോഴ്സ് തീയണച്ചു.

കേരളത്തിൽ യു.ഡി.എഫ് അനുകൂല സാഹചര്യം: രമേശ് ചെന്നിത്തല

തിരു: സംസ്ഥാനത്ത് യു.ഡി.എഫ് അനുകൂല സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. വരുന്ന തെരഞ്ഞെടുപ്പോടെ ഇടതുമുന്നണി ഛിന്നഭിന്നമാകുമെന്നും അദ്ദേഹം പറഞ്ഞു.

തദ്ദേശ തെരഞ്ഞെടുപ്പിൽ വെൽഫെയർ പാർട്ടിയുമായി പ്രാദേശിക തലത്തിൽ സഖ്യം വേണോ എന്ന കാര്യം യു.ഡി.എഫിൽ ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

മകളെ പീഡിപ്പിച്ച യുവാവിനൊപ്പം ഒളിച്ചോടിയ യുവതി അറസ്റ്റിൽ

മലപ്പുറം: മകളെ ലൈംഗിക പീഡനത്തിനു ഇരയാക്കിയ യുവാവിനൊപ്പം ഒളിച്ചോടിയ മാതാവ് പിടിയിൽ. കാമുകനും പിടിയിലായി.മലപ്പുറം ഇരിമ്പിളിയം സ്വദേശി സുഭാഷിനെയും 28കാരിയായ യുവതിയെയുമാണ് വളാഞ്ചേരി പൊലീസ് അറസ്റ്റു ചെയ്തത്. ഒരു വർഷമായി തമിഴ്നാട്ടിൽ ഒളിച്ചു താമസിക്കുകയായിരുന്നു ഇരുവരും.സുഭാഷ്, കാമുകിയുടെ ഒൻപതു വയസ്സുള്ള മകളെ പീഡിപ്പിച്ച കേസിലെ പ്രതിയാണ്. തനിക്കുണ്ടായ അനുഭവം ആദ്യം അമ്മയോടാണത്രേ പറഞ്ഞത്. ഇക്കാര്യം അച്ഛനോട് പറയരുതെന്നും പറഞ്ഞാൽ താൻ സുഭാഷിനൊപ്പം പോകുമെന്നും യുവതി മകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതു വകവെയ്ക്കാതെ മകൾ അച്ഛനോടു പറഞ്ഞു. സംഭവത്തിൽ പെൺകുട്ടിയുടെ പരാതി പ്രകാരം സുഭാഷിനെതിരെയും കൂട്ടു നിന്നതിനു മാതാവിനെതിരെയും പോക്സോ പ്രകാരം കേസെടുക്കുകയായിരുന്നു. ഇതോടെയാണ് യുവതി മകളെ പീഡിപ്പിച്ച കാമുകനോടൊപ്പം നാടു വിട്ടത്.

കൊട്ടംകുഴിയിൽ വീണ്ടും കാട്ടാനക്കൂട്ടത്തിന്റെ ആക്രമണം

മുള്ളേരിയ: കൊട്ടംകുഴിയിൽ വീണ്ടും കാട്ടാനക്കൂട്ടത്തിന്റെ ആക്രമണം. തോട്ടത്തിൽ ഇറങ്ങിയ കാട്ടാനകൾ കാർഷിക വിളകളെല്ലാം വ്യാപകമായി നശിപ്പിച്ചു.

കൊട്ടംകുഴിയിലെ രാമകൃഷ്ണൻ നായർ, മോഹനൻ നമ്പ്യാർ എന്നിവരുടെ ഉടമസ്ഥതയിലുള്ള തോട്ടത്തിലാണ് ഇന്നലെ രാത്രി കാട്ടാനക്കൂട്ടത്തിന്റെ ആക്രമണം ഉണ്ടായത്. തോട്ടത്തിലെ നിരവധി വാഴകളും, തെങ്ങുകളും തകർത്തെറിഞ്ഞ ആനകൾ മണിക്കൂറുകളോളം ഭീതി പരത്തി.ആനകളെ തുരത്തുന്ന ഫോറസ്റ്റിന്റെ ആർ ആർ ടി സംഘം നേരത്തെ സ്ഥലത്തുണ്ടായിരുന്നുവെങ്കിലും ഇവർ സ്ഥലത്ത് നിന്ന് പോയതിന് ശേഷമാണ് രാത്രി ആനകൾ കൂട്ടത്തോടെ എത്തിയത്.

കൊട്ടംകുഴി രാമകൃഷ്ണൻനായരുടെ തോട്ടത്തിൽ കാട്ടാന നശിപ്പിച്ച വാഴകൾ

കർമ്മംതോടിയിൽ പതിമൂന്നോളം ആനകളെ കണ്ടതായി നാട്ടുകാർ പറയുന്നു. ഇപ്പോൾ പ്രദേശത്ത് പതിനാറോളം ആനകൾ വിവിധ സംഘങ്ങളായി തമ്പടിച്ചിട്ടുണ്ട്. നാടിനെ വിറപ്പിച്ച് കഴിഞ്ഞ ഏതാനും ദിവസങ്ങളായി കാട്ടാനക്കൂട്ടത്തിന്റെ ആക്രമണം തുടരുകയാണ്. നിരവധി കാർഷിക വിളകളാണ് വ്യാപകമായി നശിപ്പിച്ചത്. ഇതുമൂലം കർഷകർക്ക് വൻ നഷ്ടവും സംഭവിച്ചു.അതിനിടയിൽ കാട്ടാനക്കൂട്ടത്തെ തുരത്താൻ ആറളത്തു നിന്നും വനം വകുപ്പ് ജീവനക്കാർ സ്ഥലത്ത് എത്തുന്നുണ്ട്. എന്നാൽ ആനകളെ കാട്ടിലേക്ക് പകൽ മാത്രമേ തുരത്തി കയറ്റാൻ കഴിയൂ എന്നാണ് പറയുന്നത്. രാത്രിയിൽ ആനകളെ തുരത്താനായി കാട്ടിലേക്ക് കയറുന്നത് ദുർഘടം പിടിച്ചതാണെന്നാണ് ചൂണ്ടിക്കാട്ടുന്നത്.

ESTD:1976

കാരവൽ

1196 തുലാം 7, 1442 റ.അവ്വൽ 6, 2020 ഒക്ടോബർ 23 വെള്ളി

സുഭിക്ഷ കേരളം പദ്ധതിയും മത്സ്യ കൃഷിയും

ഇതിനകം തന്നെ സംസ്ഥാനത്തിനകത്തും പുറത്തും ഏറെ ചർച്ച ചെയ്യപ്പെടുകയും ശ്രദ്ധിക്കപ്പെടുകയും ചെയ്ത പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. ഈ പദ്ധതിയുടെ പേരിൽ പല തരത്തിലുള്ള കൃഷികളും നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതിക്കു കീഴിലെ സുപ്രധാന പദ്ധതിയാണ് ജൈവ മത്സ്യകൃഷി. കേൾക്കുമ്പോൾ തന്നെ ആരെയും ആകർഷിക്കുന്ന പദ്ധതി. വീടുകൾ കേന്ദ്രീകരിച്ചുള്ള കൃഷിയെന്നതിനാലാണ് പലരും ഇതിലേയ്ക്ക് തിരിഞ്ഞത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ബയോഫ്ളോക് എന്ന പേരിലുള്ള ജൈവ മത്സ്യ കൃഷിക്കുള്ള പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും. 1,38,000 രൂപ ചെലവുള്ളതാണ് പദ്ധതി. 36,800 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 18,400 രൂപ ഫിഷറീസ് വകുപ്പും നൽകുന്നു. അവശേഷിക്കുന്ന 82,800 രൂപ ഉപഭോക്തൃ വിഹിതമാണ്.

ഈ പദ്ധതി അനുസരിച്ച് ജില്ലയിൽ നിരവധി പേരാണ് മത്സ്യകൃഷിയിൽ തൽപരരായി എത്തിയത്. ഇവരിൽ നല്ലൊരു ശതമാനവും ഈ രംഗത്തേക്ക് എത്തിയത് ആവേശം ഒന്നു കൊണ്ടു മാത്രമാണെന്നു പറയാതിരിക്കാനും കഴിയില്ല.

അതുകൊണ്ട് തന്നെ പല കാരണങ്ങളാൽ പദ്ധതി തുടക്കത്തിൽ തന്നെ പരാജയത്തിലേക്കു നീങ്ങുമോ എന്ന ആശങ്ക ഉയർത്തി.

ജില്ലയിൽ കഴിഞ്ഞ മാസം കർഷകർക്കു അരലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്തതെന്നാണ് അധികൃത കണക്ക്. ഇങ്ങിനെ വിതരണം ചെയ്ത മത്സ്യകുഞ്ഞുങ്ങളിൽ പലതിന്റെയും നില ശോചനീയമായിരുന്നുവത്രേ. പലതും അണുബാധ ഉള്ളതും വാലു മുറിഞ്ഞ നിലയിലുള്ളവയുമായിരുന്നു. മത്സ്യകുഞ്ഞുങ്ങളെ കിട്ടിയ കർഷകരുടെ അവസ്ഥ ഇങ്ങിനെയാണെങ്കിൽ നല്ലൊരു ശതമാനം കർഷകർക്കും തുടക്കത്തിൽ തന്നെ മത്സ്യകുഞ്ഞുങ്ങളെ കിട്ടാത്ത സ്ഥിതിയും ഉണ്ടായിരുന്നു. പലർക്കും വളരെ വൈകിയാണ് കുഞ്ഞുങ്ങളെ ലഭിച്ചതെങ്കിൽ മത്സ്യക്കുഞ്ഞുങ്ങൾക്കായി ഇപ്പോഴും കാത്തിരിക്കുന്ന കർഷകരും ഉണ്ട്.

മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യതക്കുറവും അണുബാധയും മാത്രമല്ല കർഷരെ ദുരിതത്തിലാക്കിയിട്ടുള്ളത്.

നിലവിൽ കൃഷി ആരംഭിച്ചിട്ടുള്ള കർഷകർ ടാങ്കിലേക്കാവശ്യമായ വൈദ്യുതി എടുക്കുന്നത് വീടുകളിൽ നിന്നാണ്. ഉയർന്ന താരിഫിലുള്ള വൈദ്യുതിയായതിനാൽ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നു. ബയോഫ്ളോക്ക് മത്സ്യകൃഷിക്ക് ആവശ്യമായ വൈദ്യുതി കാർഷിക നിരക്കിൽ അനുവദിക്കുമെന്നതാണ് പദ്ധതിയുടെ പ്രധാന ആകർഷണീയതകളിലൊന്ന്.

എന്നാൽ ഫിഷറീസ് അധികൃതരുടെ ഭാഗത്തു നിന്നു മതിയായ സഹായം ലഭിക്കാത്തതിനാൽ ഭൂരിപക്ഷത്തിനും കാർഷിക താരിഫ് അനുസരിച്ചുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

എന്തായാലും നല്ലൊരു പദ്ധതിയായിട്ടാണ് മത്സ്യകൃഷിയെ പൊതുവെ വിലയിരുത്തുന്നത്. സ്ത്രീകൾക്കും തനിച്ച് ചെയ്യാൻ കഴിയുന്ന പദ്ധതി കൂടിയാണിത്. മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനൊപ്പം നല്ല മീൻ എന്നതു കൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. അതിനാൽ ബയോഫ്ളോക്ക് മത്സ്യകൃഷി സംരംഭകർ ഇപ്പോൾ അനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും അധികൃതരുടെ ഭാഗത്തു നിന്നു പരിഹാരമുണ്ടാകേണ്ടതുണ്ട്. അങ്ങിനെ സംഭവിച്ചാൽ മാത്രമേ പദ്ധതി ലക്ഷ്യം കാണൂ. അല്ലായെങ്കിൽ മറ്റു പല പദ്ധതികളെപോലെ തന്നെ ഇതും ആരംഭശൂരത്വത്തിൽ തന്നെ അവസാനിക്കുന്ന സ്ഥിതിയായിരിക്കും ഉണ്ടാവുക. അങ്ങിനെയൊരിക്കലും ഉണ്ടാകരുതെന്നാണ് കർഷകരുടെ ആഗ്രഹം.

മണൽ മാഫിയയുമായുള്ള പൊലീസ് ബന്ധം ഉപേക്ഷിക്കണം:യുവമോർച്ച

കുമ്പള: കടലോര മേഖലയിലെ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കേണ്ട പൊലീസ് മണൽ മാഫിയക്ക് കൂട്ടുനിൽക്കുന്ന പ്രവർത്തനമാണ് കുമ്പളയിൽ നടത്തുന്നതെന്ന് യുവമോർച്ച കുമ്പള പഞ്ചായത്ത് കമ്മിറ്റി ആരോപിച്ചു.

മണൽകടത്ത് പൊലീസ് സ്റ്റേഷനിൽ അറിയിച്ചാൽ ഫോൺ ചെയ്ത വ്യക്തിയുടെ പേരും ഫോൺ നമ്പറും മണൽ മാഫിയയ്ക്ക് ഒറ്റിക്കൊടുക്കുന്ന പ്രവൃത്തിയാണ് രാത്രിയിൽ ഡ്യൂട്ടിയിൽ ഉണ്ടാകുന്ന പൊലീസ് ചെയ്തു വരുന്നതെന്ന് കുറ്റപ്പെടുത്തി കുമ്പള അഴിമുഖ പരിസരം, കോടി ഫിഷിംഗ് ലാന്റിംഗ് സെന്റർ, കൊയിപ്പാടി കടപ്പുറം ജംഗ്ഷൻ, മുജിമൂടി കടപ്പുറം, നാങ്കി കൊപ്പളം എന്നിവിടങ്ങളിൽ നിന്ന് വ്യാപകമായ രീതിയിൽ രാത്രി മുതൽ പുലർച്ചെ വരെ മണൽ കടത്തുകയാണ്. കുമ്പള പൊലീസ് സ്റ്റേഷനിലെ എസ്.ഐയും സർക്കിൾ ഇൻസ്പെക്ടറും അറിയാതെയാണ് ഈ മണൽ മാഫിയക്ക് മറ്റു പൊലീസുകാർ ഒത്താശ ചെയ്യുന്നത്. മണൽ മാഫിയയെ അടിച്ചമർത്താനുള്ള നടപടി സ്വീകരിക്കാത്തപക്ഷം ശക്തമായ സമര പരിപാടികളുമായി മുന്നോട്ടു വരുമെന്ന് യുവമോർച്ച കുമ്പള പഞ്ചായത്ത് പ്രസിഡണ്ട് പ്രാദോഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മുന്നറിയിച്ചു. കമ്മിറ്റി സെക്രട്ടറി പ്രദീപ് ഉദ്ഘാടനം ചെയ്തു. രാജേഷ്, ശശി കുമ്പള, മധുസൂദനൻ എന്നിവർ സംസാരിച്ചു. രവി സ്വാഗതവും ജിത്തേഷ് നന്ദിയും പറഞ്ഞു.

സ്ത്രീപക്ഷം

രണ്ടു സ്ത്രീകൾ രണ്ടു പ്രശ്നങ്ങൾ

കൂക്കാനം റഹ്മാൻ

കർണ്ണാടകയിലെ ധർമ്മ സ്ഥല സ്വാമിജിയെ കാണാൻ ചെന്നതാണ് ഞങ്ങൾ. പഠനയാത്രയുമായി ബന്ധപ്പെട്ട് പല സ്ഥലങ്ങളും സന്ദർശിച്ച് തിരിച്ചു വരുന്നതിനിടയിലാണ് ധർമ്മ സ്ഥല സ്വാമിജിയെ കാണാൻ ചെന്നത്. ഉച്ച കഴിഞ്ഞ് മൂന്നു മണിക്ക് സ്വാമീ ദർശനത്തിന് അനുമതി തരുന്ന സമയമാണ്. ആ സമയമായതിനാൽ കാണാൻ എളുപ്പമായി. സ്വാമിജിയുടെ പീഠത്തിന് ഇരുവശവുമായി ദർശനത്തിന് എത്തിയ ആളുകൾ പ്രാർത്ഥനാനിർഭരമായി ക്ഷമയോടെ ഇരിക്കുകയാണ്. കൂട്ടത്തിൽ വെള്ള സാരിയും വെള്ള ബ്ലൗസും ധരിച്ച് ഏകദേശം 40-45 വയസ്സ് തോന്നിക്കുന്ന രണ്ട് സ്ത്രീകളെ കണ്ടു. അവരെ എവിടെയോ കണ്ടതായി ഓർമ്മ വന്നു. അവരെ ഞാനൊന്നു നോക്കി രണ്ടുപേരും പരിചയമുള്ള പോലെ എന്നോട് ചിരിച്ചു. ഞങ്ങളുടെ ടീം പുറത്തേക്കിറങ്ങി. തൊട്ടു പിന്നാലെ ആ രണ്ടു സ്ത്രീകളും ഇറങ്ങിവരുന്നുണ്ട്. 'മാഷെന്തെ ഇവിടെ? 'രണ്ട് പേരും ആകാംക്ഷയോടെ ചോദിച്ചു. 'ഞാൻ പഠനയാത്രാ സംഘത്തിന്റെ ഒപ്പം വന്നതാണ്.

'ഒന്നു പറഞ്ഞോട്ടെ മാഷെ' അവർ ഇരുവരും എന്നെ കുറച്ചകലേക്ക് വിളിച്ചു കൊണ്ടുപോയി സംസാരിച്ചു. 'മാഷിന് എന്നെ ഓർമ്മയുണ്ടോ? അതിൽ ഒരാൾ പറഞ്ഞു. 'ആളെ ഓർമ്മയുണ്ട് കൃത്യമായി പറയാൻ പറ്റില്ല. 'ഞാൻ ലക്ഷ്മി രണ്ട് വർഷം മുമ്പ് മാഷിന്റെ ആഫീസിൽ വന്നിട്ടുണ്ട്. എന്റെ വ്യക്തിപരമായ കാര്യം മാഷോട് പറഞ്ഞിട്ടുമുണ്ട്. അടുത്ത സ്ത്രീ പറഞ്ഞു, എന്നെ ഓർക്കുന്നോ മാഷ് ? ഞാൻ കുറച്ചു നേരം മിണ്ടാതിരുന്നപ്പോൾ ആ സ്ത്രീ പറഞ്ഞു. 'ഞാനും മാഷിനെ കാണാൻ വന്നിട്ടുണ്ട്. പേര് രമണി. മൂന്നാലു വർഷം മുമ്പ്. മാഷിന് മറന്നുകാണും. മാഷിന്റെ ഫോൺ നമ്പർ തരണം' രണ്ടു പേരും ഒരേ സ്വരത്തിൽ പറഞ്ഞു. ഫോണിൽ സംസാരിക്കാം. ഞങ്ങൾ രണ്ട് പേരും ഇവിടെ വെച്ച് പരിചയപ്പെട്ടതാണ്. ഇന്ന് ഇവിടെ താമസിച്ച് നാളെ നാട്ടിലേക്ക് 'എന്നാൽ കാണാമെന്ന്' പറഞ്ഞ് ഞാൻ പഠന സംഘത്തിന്റെ ഒപ്പം ചേർന്നു. ബസ്സിലിരുന്ന് ആ രണ്ടു സ്ത്രീകളേയും കുറിച്ച് ഞാൻ ആലോചിച്ചു. ഓർമ്മയിൽ നിന്ന് അവരെ ചികഞ്ഞെടുക്കാൻ ശ്രമിച്ചു. അവർ എന്തോ പ്രശ്നവുമായിട്ട് എന്നെ കാണാൻ വന്നതാണ്. ഇപ്പോൾ ഓർമ്മയിൽ വരുന്നില്ല. അവർ വിളിക്കുമല്ലോ അപ്പോഴറിയാം. പഠനയാത്രാ സംഘം നാട്ടിലെത്തി. ഒരോരുത്തരായി യാത്ര പറഞ്ഞു പിരിഞ്ഞു. ഞാനും വീട്ടിലെത്തി. അടുത്ത ദിവസം രാവിലെ ഫോൺകോൾ വന്നു.

> സത്യം കുറച്ചുകാലം കഴിഞ്ഞപ്പോൾ വെളിച്ചത്തിലായി. അദ്ദേഹത്തിന്റെ സ്വന്തം ആളായ ഒരു സ്ത്രീയുടെ കൈയ്യിലാണ് ഈ സ്വർണ്ണമൊക്കെ എത്തപ്പെട്ടത്. ഞാനതറിഞ്ഞപ്പോൾ പ്രശ്നമാക്കി. പക്ഷേ ഒന്നും തിരിച്ചു കിട്ടിയില്ല. അയാൾ അവളൊപ്പമാണ് ഇപ്പോൾ കഴിയുന്നത്. ഞാൻ വഴിയാധാരമായി. സ്ത്രീലമ്പടന്മാരായ ഇത്തരം പുരുഷൻമാരൊപ്പം ജീവിക്കുന്നതിനെക്കാൾ നല്ലത് സ്വതന്ത്രമായി ജീവിക്കുകയാണ് എന്ന് എനിക്കു തോന്നി.

ലക്ഷ്മിയാണ് മറുതലക്കൽ. അവർ പറയാൻ തുടങ്ങി. 'എന്റെ പ്രശ്നത്തിന് ഇതേവരെ പരിഹാരം കാണാൻ പറ്റിയില്ല മാഷെ. ഇപ്പോൾ കഴിഞ്ഞ ദിവസം മാഷ് കണ്ട പോലെ പുണ്യ സ്ഥലങ്ങളിലും, ക്ഷേത്രങ്ങളിലും ഒക്കെ പ്രാർത്ഥനയുമായി സഞ്ചരിക്കുകയാണ്. മനസ്സമാധാനത്തിന് വേണ്ടി.

ഞാൻ വിവാഹ ജീവിതം വേണ്ടെന്ന് വെച്ച വ്യക്തിയാണ്. എന്നെ ഇഷ്ടപ്പെടുന്നു എന്ന് പറഞ്ഞ് വിവാഹത്തിന് സമ്മതം ചോദിച്ച ആളെ ആട്ടിപ്പായിച്ച വ്യക്തിയായിരുന്നു ഞാൻ. പക്ഷേ കാലം കടന്നു പോയപ്പോൾ വീട്ടുകാരുടെ നിർബന്ധത്തിന് വഴിപ്പെട്ട് ആദ്യം വിവാഹാലോചനയുമായി വന്ന വ്യക്തിയുമായി തന്നെ വിവാഹം നടത്തേണ്ടി വന്നു. അയാൾക്കൊരു വാശിയായിരുന്നു എന്നെ ഭാര്യയായി വെക്കാൻ. ആദ്യ നാളുകൾ സന്തോഷകരമായിരുന്നു. ഒരു വർഷത്തിനുള്ളിൽ ആദ്യ കുഞ്ഞിന് ജന്മം നൽകി. പ്രസവ ശുശ്രൂഷപോലും നല്ല രീതിയിൽ നടത്താൻ അയാൾ താൽപര്യമെടുത്തില്ല. എങ്കിലും സ്വന്തം വീട്ടുകാർ എല്ലാം നിർവ്വഹിച്ചു. നിരവധി സ്ത്രീകളുമായി അദ്ദേഹത്തിന് ഇടപാടുണ്ടെന്ന് പിന്നീട് മനസ്സിലായി. ഹോട്ടൽ നടത്തിപ്പുകാരനാണ് അദ്ദേഹം. അവിടെ ജോലിക്കു വരുന്ന ഒരു സ്ത്രീയുമായി അയാൾക്ക് വഴിവിട്ട ബന്ധമുണ്ടെന്ന് അയൽപക്കക്കാർ പറഞ്ഞു വീട്ടിൽ സൂക്ഷിച്ചുവെച്ച എന്റെ സ്വർണ്ണാഭരണങ്ങൾ ഒരോന്നായി കാണാതായി. കുറ്റം എന്റെ പിരടിക്കായി. ഞാൻ അയൽപക്ക സ്ത്രീകൾക്ക് സ്വർണ്ണമെല്ലാം കാണിച്ചുകൊടുത്തപ്പോൾ അവർ കൈക്കലാക്കിയിട്ടുണ്ടാവും എന്ന് അയാൾ പ്രചരിപ്പിച്ചു. ഞങ്ങളുടെ ഏറ്റവും അടുത്ത് ഇടപെടുന്ന വളവിൽ പനക്കാരി കാർത്യായനി ചേച്ചിയായിരിക്കും സ്വർണ്ണമാല എടുത്തതെന്ന് അയാൾ പറഞ്ഞു നടന്നു. ഇല്ലാക്കഥ പറഞ്ഞു പ്രചരിപ്പിച്ചതിൽ മനം നൊന്ത് കാർത്യായനി അമ്മ ആത്മഹത്യചെയ്യുകയാണുണ്ടായത്.

സത്യം കുറച്ചുകാലം കഴിഞ്ഞപ്പോൾ വെളിച്ചത്തിലായി. അദ്ദേഹത്തിന്റെ സ്വന്തം ആളായ ഒരു സ്ത്രീയുടെ കൈയ്യിലാണ് ഈ സ്വർണ്ണമൊക്കെ എത്തപ്പെട്ടത്. ഞാനതറിഞ്ഞപ്പോൾ പ്രശ്നമാക്കി. പക്ഷേ ഒന്നും തിരിച്ചു കിട്ടിയില്ല. അയാൾ അവളൊപ്പമാണ് ഇപ്പോൾ കഴിയുന്നത്. ഞാൻ വഴിയാധാരമായി. സ്ത്രീലമ്പടന്മാരായ ഇത്തരം പുരുഷൻമാരൊപ്പം ജീവിക്കുന്നതിനെക്കാൾ നല്ലത് സ്വതന്ത്രമായി ജീവിക്കുകയാണ് എന്ന് എനിക്കു തോന്നി.

ഈ വഞ്ചനക്കഥ പറയാനാണ് ഞാൻ മാഷിന്റെയടുത്ത് അന്ന് വന്നത്.എന്റെ നഷ്ടപ്പെട്ടുപോയ സ്വർണ്ണമെങ്കിലും കിട്ടുമോ എന്ന് ശ്രമിച്ചുനോക്കാനാണ് എന്റെ മകനെയും കൂട്ടി അന്ന് വന്നത്. എന്റെ അച്ഛനും അമ്മയും മരിച്ചു. ഞാൻ സ്വതന്ത്രയാണിപ്പോൾ ഇങ്ങിനെ സഞ്ചരിക്കുമ്പോൾ മനസ്സിന് സന്തോഷം തോന്നുന്നു. എന്റെ കാര്യമൊക്കെ രമണിയോട് പറഞ്ഞു. അവൾ എന്നെക്കാളും മാനസിക പ്രശ്നം അനുഭവിക്കുന്ന ഒരു സ്ത്രീയാണ്. അതുകൊണ്ടു തന്നെ ഞങ്ങൾ ഒപ്പമാണ് ഇപ്പോൾ യാത്ര. ഇതാ ഇവിടെ രമണി എന്റെ അടുത്തുതന്നെയുണ്ട്. രമണിക്കും സാറിനോട് സംസാരിക്കണം പോലും. രമണി പറഞ്ഞു തുടങ്ങി. 'സാർ ഞാൻ ആറ് വർഷം മുമ്പ് സാറിനെക്കാണാൻ എന്റെ ഒരു അകന്ന ബന്ധുവായ സ്ത്രീയേയും കൂട്ടി വന്നിരുന്നു. ഞാനനുഭവിക്കുന്ന വേദന സാറുമായി പങ്കുവെക്കാനാണ് വന്നത്. ഭർത്താവ് മൂലം ഞാൻ അനുഭവിക്കുന്ന ചില കാര്യങ്ങൾ സൂചിപ്പിച്ചപ്പോൾ തന്നെ ഒരാൾ സാറിനെ ഏതോ പരിപാടിക്ക് കൂട്ടിക്കൊണ്ടുപോകാൻ അവിടെ വന്നിരുന്നു. ബാക്കി അടുത്ത ദിവസം പറയാമെന്നു പറഞ്ഞാണ് അന്ന് ഞാൻ പിരിഞ്ഞത്.' ഈ കാര്യം കേട്ടപ്പോൾ എന്റെ മനസ്സിലേക്ക് പഴയ ഓർമ്മ തിരിച്ചെത്തി. 'ആ പറയൂ രമണി.' ഞാൻ ആവശ്യപ്പെട്ടു. രമണി തുടർന്നു. വിവാഹശേഷമാണ് സാർ ഞാൻ അദ്ദേഹത്തിന്റെ ലൈംഗീക സ്വാഭാവത്തെക്കുറിച്ചറിയുന്നത്. ആദ്യ രണ്ടു വർഷം ഞാൻ സഹിച്ചു. അതുകൊണ്ട് തന്നെ രണ്ടു മക്കളുണ്ടായി അതും രണ്ട് ആൺമക്കളാണ്.

അദ്ദേഹത്തിന് എന്നെ വേണ്ട. സർക്കാർ ജീവനക്കാരനാണദ്ദേഹം. പുരുഷൻമാരുമായിട്ടാണ് ബന്ധം. സ്ഥിരമായി രണ്ടു മൂന്നു പുരുഷൻമാരുണ്ട്. കാമുകീ-കാമുകന്മാരെപ്പോലെയാണ് അവരുടെ പെരുമാറ്റം. ഇദ്ദേഹവുമായി ലൈംഗീക ബന്ധം പുലർത്തുന്ന ഒരു വ്യക്തി എഴുതിയ കുറിപ്പ് പേഴ്സിൽ നിന്ന് എനിക്കു കിട്ടി. 'എനിക്ക് എന്റെ പ്രീയപ്പെട്ടവനിൽ നിന്ന് ഒരു കുഞ്ഞ് ഉണ്ടാവണമെന്ന് അതിയായി ആഗ്രഹിക്കുന്നു എന്നാണ്.

ഇദ്ദേഹം മറ്റു പുരുഷൻമാർക്ക് ലൈംഗീകകേളി നടത്താൻ സമ്മതിച്ചു കൊടുക്കാറുമുണ്ട്. അതിന് പ്രത്യേക സൗകര്യങ്ങളുള്ള വീട് വാടകക്കെടുത്തിട്ടുണ്ട്. ഇപ്പോൾ ഞാൻ പല പുണ്യസ്ഥലങ്ങളിലും ചെന്ന് ഇദ്ദേഹത്തിന് നല്ല മനസ്സുണ്ടാവണേ എന്ന പ്രാർത്ഥനയുമായി നടക്കുകയാണ്. ചില ജ്യോത്സ്യന്മാരെ കാണാൻ ചെല്ലും. അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കും. പക്ഷേ ഇതേവരേക്കും അദ്ദേഹത്തിന്റെ സ്വഭാവത്തിൽ മാറ്റം വന്നില്ല. സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തിട്ടും. പഴയ പരിപാടി തന്നെ തുടരുന്നു. അദ്ദേഹത്തിന്റെ തുടയുടെ ഇരുവശങ്ങളിലും പാണ്ടു പോലെ എന്തോ ഒരു അസുഖം ഞാൻ കാണാനിടയായി. ഞങ്ങൾ തമ്മിൽ മക്കളായതിനുശേഷം ഇതേ വരേക്കും ബന്ധപ്പെട്ടിട്ടില്ല. എനിക്കത് ഇഷ്ടവുമല്ല. അദ്ദേഹത്തിന് പിടിപ്പെട്ട രോഗം എനിക്കും പകരുമെന്നുള്ള ഭയം എന്റെ ഉള്ളിലുണ്ട്. നാട്ടുകാരുടെ മുമ്പിൽ നല്ല മനുഷ്യനാണദ്ദേഹം. ആരെയും സഹായിക്കാൻ മുന്നിട്ടിറങ്ങും. പക്ഷേ അവരൊന്നും അറിയാത്ത ഈ രഹസ്യം ഞാൻ മൂടിവെക്കുകയാണ്. പുറത്തറിഞ്ഞാൽ നാണക്കേടല്ലേ പ്രായമായ മക്കൾക്കും ഇദ്ദേഹത്തിന്റെ വഴിവിട്ട പോക്ക് അറിയാം. അവരും നിശബ്ദത പാലിക്കുകയാണ്.

പലപ്പോഴും ഞാൻ മക്കൾ കേൾക്കാതെ അദ്ദേഹത്തെ ചോദ്യം ചെയ്യും. അപ്പോൾ അദ്ദേഹം ഭീഷണി മുഴക്കും. ഇറങ്ങിപ്പോവാൻ പറയും. അടിക്കാൻ പാഞ്ഞടുക്കും. ഞാൻ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറും. ജീവിതത്തിൽ ഒരു ഭാര്യക്ക് കിട്ടേണ്ട ലൈംഗീകസുഖം ഇതേവരക്കും ഞാൻ അനുഭവിച്ചിട്ടില്ല സാർ. ഇനി ഇങ്ങിനെ പോവട്ടെ. ക്ഷേത്രങ്ങളും, പുണ്യസ്ഥലങ്ങളുമൊക്കെ സന്ദർശിക്കുമ്പോൾ മനസ്സിന് ആശ്വാസം തോന്നുന്നു. ഇപ്പോൾ എന്നെപ്പോലെത്തന്നെ ദുഖം കടിച്ചമർത്തി ജീവിക്കുന്ന ലക്ഷ്മിയേയും കൂട്ടിനു കിട്ടി. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു. 'ഇതൊക്കെ സമൂഹത്തിൽ നടക്കുന്ന കാര്യങ്ങൾ തന്നെ. അത് തിരിച്ചറിയാൻ വൈകിയതാണ് രമണിയുടെ പ്രശ്നം. ഇപ്പോൾ രണ്ട് മക്കളില്ലേ അവരെ ശ്രദ്ധിച്ചു വളർത്തുക. ഭർത്താവിനെ ഇഷ്ടത്തിനു വിടുക. ലൈംഗീക രോഗം അദ്ദേഹത്തിനുണ്ടാവും. ശ്രദ്ധിച്ചു നീങ്ങുക അത്രയേ പറ്റൂ. ഫോൺ ലക്ഷ്മിക്കു കൊടുക്കൂ ഇത്രേം പ്രായമായില്ലേ നഷ്ടപ്പെട്ടുപോയ അവസരങ്ങളെക്കുറിച്ചോർക്കാതെ ഇങ്ങിനെയും ജീവിക്കാമെന്ന് സമഹത്തിന് ബോധ്യപ്പെടുത്തികൊടുക്കൂ. സമയം കിട്ടുമ്പോൾ രണ്ടു പേരും വരൂ. നമുക്ക് സംസാരിക്കാം.'

തെരഞ്ഞെടുപ്പ് വരുന്നു... കൊട്ടിക്കലാശമില്ലാതെ

നാടിളക്കുന്ന പ്രചരണവും കൊട്ടിക്കലാശവും ഇല്ലാതെ ചരിത്രത്തിലാദ്യമായി ഒരു തെരഞ്ഞെടുപ്പിന് സംസ്ഥാനം വേദിയാകുന്നു. അടുത്ത മാസം അവസാനമോ ഡിസംബർ ആദ്യവാരമോ സംസ്ഥാനത്ത് നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കഴിഞ്ഞ ദിവസം തെരഞ്ഞെടുപ്പു കമ്മീഷൻ പുറപ്പെടുവിച്ചു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

നാടിളക്കുന്ന പ്രചരണങ്ങളും കൊട്ടിക്കലാശവും ആഡംബരവും ആൾക്കൂട്ടവും ഇല്ലാതെയുള്ള ഒരു തെരഞ്ഞെടുപ്പ് സങ്കൽപ്പിക്കാൻ പോലും ആവില്ല. കഴിഞ്ഞ കാലങ്ങളിൽ നടന്ന തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ കാണിച്ച വീറും വാശിയും അതുകൊണ്ട് തന്നെ ഇക്കുറി കുറഞ്ഞു പോയേക്കാം. ഒരുതരത്തിൽ പറഞ്ഞാൽ ഇങ്ങനെയുള്ള ആഡംബരങ്ങളെല്ലാം ഒഴിവാക്കുന്നതാണ് നല്ലത്. പല തെരഞ്ഞെടുപ്പുകളും പണക്കൊഴുപ്പിന്റേതായി മാറുന്നു. രാഷ്ട്രീയ പാർട്ടികളുടെ സംഭാവന പിരിക്കലും ഒരു അതിരുവിട്ട നടപടി തന്നെയാണ്. കൊട്ടിക്കലാശത്തിലും പ്രചരണത്തിന്റെ മൂർധന്യാവസ്ഥയിലുണ്ടാകുന്ന പ്രശ്നങ്ങൾ വലിയ രാഷ്ട്രീയ സംഘർഷങ്ങളിലേക്കാണ് നമ്മുടെ നാടിനെ നയിക്കുന്നത്. എന്തിനായാലും കൊട്ടിക്കലാശത്തിന്റെ മറവിൽ അക്രമങ്ങളും കൊലപാതകങ്ങൾ വരെ അരങ്ങേറിയ നാടാണ് നമ്മുടേത്.

സർവ്വകക്ഷിയോഗത്തിലെ ധാരണകളുടെ ചുവടുപിടിച്ചാണ് തദ്ദേശ തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചത്. രാഷ്ട്രീയ കക്ഷികൾ, ഉദ്യോഗസ്ഥർ, വോട്ടർമാർ എന്നിവ പാലിക്കേണ്ട മുൻ കരുതലുകൾക്കാണ് കമ്മീഷന്റെ പ്രാധാന്യം. കോവിഡ് നിയന്ത്രണം പാലിച്ച് തെരഞ്ഞെടുപ്പ് നടത്താൻ വോട്ടർമാരെയും രാഷ്ട്രീയ പാർട്ടികളെയും സ്ഥാനാർത്ഥികളെയും ബോധവൽക്കരിക്കാൻ കമ്മീഷൻ പരസ്യ പ്രചരണവും നടത്താൻ ഉദ്ദേശിക്കുന്നു.

941 ഗ്രാമ പഞ്ചായത്തുകൾ 152 ബ്ലോക്ക് പഞ്ചായത്തുകൾ പതിനാല് ജില്ലാ പഞ്ചായത്തുകൾ 86 മുൻസിപ്പാലിറ്റികൾ, ആറ് മുൻസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി 21865 പ്രതിനിധികളെയാണ് തെരഞ്ഞെടുക്കേണ്ടത്. അന്തിമ വോട്ടർ പട്ടിക ഒക്ടോബർ ഒന്നിന് പ്രസിദ്ധീകരിച്ചിരുന്നു. വോട്ടർപട്ടികയിൽ പേരു ചേർക്കാൻ ഒരവസരം കൂടി നൽകുമെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഇവയാണ്. പ്രചരണ പ്രവർത്തനങ്ങളിൽ ജാഥ, ആൾക്കൂട്ടം, കൊട്ടിക്കലാശം എന്നിവ ഒഴിവാക്കണം. സ്ഥാനാർത്ഥി കോവിഡ് പോസിറ്റീവാകുകയോ ക്വാറന്റീനിൽ പ്രവേശിക്കുകയോ ചെയ്താൽ ഉടൻ പ്രചരണ രംഗത്ത് നിന്ന് മാറി നിൽക്കണം. ജനസമ്പർക്കം ഒഴിവാക്കണം. പരിശോധനാ ഫലം നെഗറ്റീവായ ശേഷം ആരോഗ്യ വകുപ്പ് നിർദ്ദേശാനുസരണമേ തുടർ പ്രവർത്തനം പാടുള്ളൂ. സ്ഥാനാർത്ഥികളെ ഹാരം, ബൊക്ക, നോട്ടുമാല, ഷാൾ എന്നിവ നൽകി സ്വീകരിക്കരുത്. റാലികൾക്ക് പരമാവധി മൂന്നു വാഹനം. ഭവന സന്ദർശനത്തിന് സ്ഥാനാർത്ഥി അടക്കം പരമാവധി അഞ്ചുപേർ. പൊതുയോഗങ്ങളും കുടുംബയോഗങ്ങളും നിയന്ത്രണങ്ങൾ പാലിച്ച് മാത്രം. പൊതുയോഗങ്ങൾക്ക് പൊലീസ് അനുമതി വേണം. നോട്ടീസ്, ലഘുലേഖ പരിമിതപ്പെടുത്തി സമൂഹ മാധ്യമത്തെ പ്രയോജനപ്പെടുത്തണം. മുൻകൂട്ടി അറിയിച്ച് വേണം പത്രികാ സമർപ്പണത്തിന് എത്താൻ. അവർക്ക് പ്രത്യേക സമയം അനുവദിക്കും. സ്ഥാനാർത്ഥി കോവിഡ് പോസിറ്റീവോ, ക്വാറന്റീനിലോ ആണെങ്കിൽ നിർദ്ദേശകൻ വഴി പത്രിക സമർപ്പിക്കാം. കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുന്നിൽ സ്ഥാനാർത്ഥിക്ക് സത്യപ്രതിജ്ഞ ചെയ്ത് ഒപ്പ് രേഖപ്പെടുത്താം. വോട്ടെണ്ണലിന് ശേഷമുള്ള വിജയാഹ്ലാദ പ്രകടനങ്ങൾ കോവിഡ് മാനദണ്ഡം പാലിച്ചേ നടത്താവൂ.കോവിഡ് പോസിറ്റീവ് ആയവർക്കും ക്വാറന്റീനിലുള

ദേലംപാടി സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് യു.ഡി.എഫ് ബഹിഷ്കരിക്കും

ദേലംപാടി :കാലങ്ങളായി ദേലംപാടി സഹകരണ ബാങ്ക് ഭരിച്ചിരുന്നത് യുഡിഎഫ് ആയിരുന്നു. ജില്ലയിൽ തന്നെ മികച്ച സഹകരണ ബാങ്കുകളിൽ ഒന്നായിരുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ബാങ്ക് 2009 സിപിഎമ്മിന്റെ നേതൃത്വത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ക്രിമിനലുകളെ കൊണ്ട് വന്ന് വോട്ട് ചെയ്യാൻ പോകുന്ന മെമ്പർമാർ തടയുകയും സിപിഎമ്മിനുവേണ്ടി കള്ളവോട്ടുകൾ ചെയ്യുകയുമായിരുന്നു. മരിച്ചവരുടെ പേരിൽ പോലും വോട്ടുകൾ ചെയ്യുകയുണ്ടായി. അധികാരത്തിൽ വന്ന ഭരണസമിതി കള്ളവോട്ട് ചെയ്തവർക്ക് പ്രത്യുപകരമായി രേഖകൾ പോലുമില്ലാതെ വ്യാപകമായി ലോൺ അനുവദിച്ചു നൽകുകയും 10 വർഷമായി അഴിമതിയിൽ മുങ്ങിയ ഭരണം നിക്ഷേപകരെ പറ്റിക്കുകയുമാണെന്ന് യു.ഡിഎഫ് ദേലംപാടി മേഖല കമ്മിറ്റി യോഗം ആരോപിച്ചു. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ബാങ്കിനെ ഈ അവസ്ഥയിലേക്ക് എത്തിച്ച സിപിഎം നേതൃതം ജനങ്ങളോട് മറുപടി പറയണമെന്ന് യുഡിഎഫ് ആവശ്യപ്പെട്ടു. വെന്റിലേറ്ററിൽ കഴിയുന്ന ദലംപാടി സഹകരണ ബാങ്കി ലേക്കുള്ള തെരഞ്ഞെടുപ്പ് ബഹിഷ്ക്കരിക്കാൻ യുഡിഎഫ് ദേലംപാടി മേഖല കമ്മിറ്റി യോഗം തീരുമാനിച്ചു. ചെയർമാൻ ബാലകൃഷ്ണ ഗൗഡ ആധ്യക്ഷം വഹിച്ചു. കൺവീനർ ഹംസ കെ സ്വാഗതം പറഞ്ഞു. ഡിഎം അബ്ദുല്ല കുഞ്ഞി ഹാജി,രാമ റായ്, സി കെ അബ്ദുല്ല കുഞ്ഞി, കെ മുഹമ്മദ്, ശിവപ്രസാദ്, ജഗദീഷ്,അബ്ദാസ് യു, എം എസ് മുഹമ്മദ് ,അബ്ദുല്ല മയ്യള, കൊറഗപ്പ റായ്, ബിനോയ്, ഇബ്രാഹിം ഡി തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

തെക്കിൽ കോവിഡ് ആശുപത്രി വേഗത്തിൽ തുടങ്ങാൻ നടപടിയെടുക്കും: ഡി. എം. ഒ

കാഞ്ഞങ്ങാട്: തെക്കിലിൽ ടാറ്റാ ഗ്രൂപ്പ് നിർമ്മിച്ച് നൽകിയ കോവിഡ് ആശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കാനും ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ വേഗത്തിലാക്കാൻ നടപടിയെടുത്ത് വരുന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ എ.വി. രാംദാസ്. തെക്കിൽ കോവിഡ് ആശുപത്രി സംവിധാനങ്ങൾ ത്വരിതഗതിയിൽ ഏർപ്പെടുത്തി എത്രയും വേഗത്തിൽ ആശുപത്രി പ്രവർത്തിപ്പിക്കണമെന്നും ഇപ്പോൾ കോവിഡ് ആശുപത്രിയാക്കി മാറ്റിയ കാഞ്ഞങ്ങാട്ടെ ജില്ലാ ആശുപത്രിയെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടു വരണമെന്നും ആവശ്യപ്പെട്ട് നിവേദനം നൽകിയ ജനകീയ കർമ്മസമിതിയുമായി സംസാരിക്കവെയാണ് ഡി.എം.ഒ.യുടെ പ്രതികരണം.

സമിതി ചെയർമാൻ സി.യുസഫ് ഹാജി, കൺവീനർ അമ്പലത്തറ കുഞ്ഞികൃഷ്ണൻ, ടി. മുഹമ്മദ് അസ്ലം, കുഞ്ഞിക്കണ്ണൻ കക്കാണത്ത്, കെ. പി രാമചന്ദ്രൻ എന്നിവരാണ് നിവേദക സംഘത്തിലുണ്ടായത്.

രോഗികൾക്ക് ആശ്വാസമായി ആശുപത്രികളിലേക്ക് സർക്കുലർ ബസ് സർവീസ് തുടങ്ങി

കാഞ്ഞങ്ങാട്: ജില്ലാ ആശുപത്രിയിലെ സേവനങ്ങൾ വിവിധയിടങ്ങളിലേക്ക് മാറ്റിയ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സർക്കുലർ ബസ് സർവീസ് തുടങ്ങി.കാഞ്ഞങ്ങാട് ഡിപ്പോയുടെ ചുമതല വഹിക്കുന്ന പയ്യന്നൂർ ഡി.ടി.ഒ കെ.യൂസഫ് സർക്കുലർ ബസ് സർവീസിന്റെ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു.ഡി.ടി.ഒയിൽ നിന്നു കണ്ടക്ടർ എം.വി.ഷൈജു ടിക്കറ്റ് മെഷീൻ ഏറ്റുവാങ്ങി.

രാവിലെ 8.45-ന് കാഞ്ഞങ്ങാട് നിന്നു പെരിയ സി.എച്ച്.സി.യിലേക്കായിരുന്നു ആദ്യ സർവീസ്.9.30-ന് പെരിയയിൽ നിന്നു കാഞ്ഞങ്ങാട് ബസ് സ്റ്റാന്റു വഴി നീലേശ്വരം താലൂക്ക് ആശുപത്രിയിലേക്കും 10.30-ന് നീലേശ്വരം താലൂക്ക് ആശുപത്രിയിൽ നിന്നു കാഞ്ഞങ്ങാട്ടേക്കുമാണ് തുടർ സർവീസ്.രണ്ടാമത്തെ ബസ് 10.30-ന് കാഞ്ഞങ്ങാട് നിന്നു നീലേശ്വരം താലൂക്ക് ആശുപത്രിയിലേക്കാണ്. ഈ ബസ് ഭീമനടി വരെയുണ്ട്. 12.15-ന് ഭീമനടിയിൽ നിന്നു ഇതേ റൂട്ടിൽ തിരിച്ചു സർവീസ് നടത്തുന്നു.

മലയോരത്തുള്ള ജനങ്ങളെ കൂടി കണക്കിലെടുത്താണ് ഒരു ബസ് ഭീമനടി വരെ സർവീസ് നടത്താൻ തീരുമാനിച്ചതെന്ന് കെ.എസ്.ആർ.ടി.സി. കാഞ്ഞങ്ങാട് ഡിപ്പോയുടെ ചുമതലയുള്ള പയ്യന്നൂർ ഡി.ടി.ഒ കെ.യൂസഫും കാഞ്ഞങ്ങാട് ഡിപ്പോ കൺട്രോളിങ് ഇൻസ്പെക്ടർ പി.കുഞ്ഞിക്കണ്ണനും വ്യക്തമാക്കി.

ജില്ലാ ആശുപത്രി കോവിഡ് ആശുപത്രിയാക്കിയ തിനാലാണ് ഇവിടുത്തെ സൗകര്യം വിവിധ ആശുപത്രികളിലേക്ക് മാറ്റിയത്. വ്യത്യസ്ത ഒ.പി.യിൽ കാണിക്കേണ്ടി വന്നാൽ അവർക്ക് ഒരിടത്ത് ഈ സേവനം കിട്ടണമെന്നില്ല. ഈ സാഹചര്യത്തിൽ രോഗികൾ ബസുകളും ഓട്ടോറിക്ഷകളും മാറി കയറേണ്ടി വരും.കോവിഡ് കാലമായതിനാൽ ബസുകൾ പഴയതു പോലെ സർവീസ് നടത്തുന്നുമില്ല. ഈ സാഹചര്യത്തിലാണ് സർക്കുലർ ബസ് സംവിധാനം നടപ്പിലാക്കിയത്

ജസിൻ ചികിത്സാ സഹായധനം കൈമാറി

പൊയിനാച്ചി: ബട്ടത്തൂർ നെല്ലിയടുക്കം എൽ പി സ്കൂൾ പരിസരത്തു താമസിക്കുന്ന ദിനേശൻ-സുനിത ദമ്പതികളുടെ മകനായ ജസിൻ എന്ന കുട്ടിയുടെ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയുടെ ഭാഗമായി രൂപീകരിച്ച വാട്സ് ആപ്പ് കൂട്ടായ്മ സ്വരൂപിച്ച 90000 രൂപ ബേക്കൽ എസ്. ഐ അജിത്ത് കുട്ടിക്ക് കൈമാറി. സ്വന്തം അമ്മയുടെ കരൾ മാറ്റി വെച്ചാണ് കുട്ടിക്ക് അസുഖം മാറിയത്.നിർദ്ധരായ ഈ കുടുംബത്തിന് താങ്ങാൻ പറ്റാത്ത ചെലവ് വന്നപ്പോഴാണ് ഈ കൂട്ടായ്മ രൂപീകരിച്ചത്. രവീന്ദ്രൻ, ഭാസ്ക്കരൻ, കണ്ണൻ, എൻ.മനമോഹന, രംഗനാഥ എന്നിവർ ഇതിന് നേതൃത്യം നൽകി.

പ്രവാസി കോൺഗ്രസ് വഞ്ചനാദിനം ആചരിച്ചു

ഉദുമ : കോവിഡ് കാലത്ത് പ്രവാസികൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാത്തതിൽ പ്രതിഷേധിച്ച് ഉദുമ മണ്ഡലം പ്രവാസി കോൺഗ്രസ് കമ്മിറ്റി ഉദുമ വില്ലേജ് ഓഫീസിന് മുന്നിൽ വഞ്ചനാദിനം ആചരിച്ചു. മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ബി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രവാസി കോൺഗ്രസ് പ്രസിഡന്റ് കെ. എം. അമ്പാടി ആധ്യക്ഷം വഹിച്ചു. നാരായണൻ ഹോട്ടൽ വളപ്പിൽ, സുനിൽ ബാര, ആർ.സുരേഷ് ബാബു,പി. ആർ. ചന്ദ്രൻ, പന്തൽ ബാലൻ എന്നിവർ പ്രസംഗിച്ചു.

ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണം

കാഞ്ഞങ്ങാട്: വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയിലെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട പട്ടിക ജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കുള്ള ധനസഹായത്തിന്റെ വിതരണ ഉദ്ഘാടനം പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.രാജൻ നിർവ്വഹിച്ചു. 176 ഗുണഭോക്താക്കളാണ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ലൈഫ് ഭവനപദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ഗുണഭോക്താക്കളും ഉൾപ്പടെ 590 കുടുംബങ്ങളെയാണ് പഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ 385 കുടുംബങ്ങൾ വീട് നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ പുതിയതായി 571 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് പ്രസീത രാജൻ അധ്യക്ഷയായി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ടി വി അനീഷ് റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി കെ സുകുമാരൻ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ വി സുധാകരൻ,ഗ്രാമ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാരായ ജയശ്രീ കൃഷ്ണൻ, ബിന്ദു ഭാസ്ക്കരൻ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എ ബാബു.പഞ്ചായത്ത് മെമ്പർ മാത്യു വർക്കി, പി കെ മോഹനൻ, എസ് ടി പ്രമോട്ടർ വി കെ അജയൻ എന്നിവർ സംസാരിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി വി അനു സ്വാഗതവും പഞ്ചായത്ത് സെക്രട്ടറി എം പി വിനോദ്കുമാർ

മാലിന്യ സംസ്ക്കരണ പ്ലാന്റ് തുറന്നു

ഉദുമ:നവീകരിച്ച വെളുത്തോളിയിലെ പള്ളിക്കര ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്ക്കരണ പ്ലാന്റ് കെ.കുഞ്ഞിരാമൻ എം. എൽ.എ, ഉദ്ഘാടനം ചെയ്തു. വിവിധ പഞ്ചായത്തുകളിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മൂല്യവർധിത ഉത്പ്പന്നങ്ങളാക്കി മാറ്റുക, ബേക്കൽ പരിധിയിലെ മുഴുവൻ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെയും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംസ്ക്കരിക്കാൻ വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം തുടങ്ങുന്നത്.

2018 ൽ കത്തിനശിച്ച പ്ലാസ്റ്റിക്ക് സംസ്ക്കരണ കേന്ദ്രത്തിന് പുതു ജീവൻ നൽകാൻ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഒരു കെട്ടിടം നിർമ്മിച്ചു. കൂടാതെ പള്ളിക്കര പഞ്ചായത്ത് യന്ത്രങ്ങൾ വാങ്ങിയതിനൊപ്പം ദിവത്സര പദ്ധതി പ്രകാരം മറ്റൊരു കെട്ടിടം നിർമ്മിക്കുകയും വൈദ്യുതീകരിക്കുകയും ചെയ്തു. ചെമ്മനാട്, ഉദുമ, പള്ളിക്കര,അജാനൂർ,പുല്ലൂർ-പെരിയ, മടിക്കൈ,എന്നീ പഞ്ചായത്തുകളിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മൂല്യവർധിത ഉത്പ്പന്നങ്ങളാക്കി മാറ്റും. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ഗൗരി, സ്വിച്ച് ഓൺ കർമ്മം നടത്തി. നവീകരിച്ച കംപ്രസറിന്റെ ഉദ്ഘാടനം അജയൻ പനയാൽ നിർവഹിച്ചു. പള്ളിക്കര പഞ്ചായത്ത് പ്രസി. പി ഇന്ദിര ആധ്യക്ഷം വഹിച്ചു. പള്ളിക്കര പഞ്ചായത്ത് സെക്രട്ടറി എം. കെ.രാധാകൃഷ്ണൻ, ടി.എം അബ്ദുൾ ലത്തീഫ്, പി.ലക്ഷ്മി, ടി. മുഹമ്മദ് കുഞ്ഞി, കെ.എ.ബിന്ദു, കെ.ഭാനുമതി, പി.കെ അബ്ദുള്ള,രാഘവൻ വെളുത്തോളി,പി .പദ്മിനി ,വി. അമ്പൂഞ്ഞിഎ. കെ രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

ഹൈസെൽ ലോക്ഡൗൺ ഫെസ്റ്റിലെ വിജയികൾക്കു അബ്ദുൽ ജബ്ബാർ ഉപഹാരം നൽകുന്നു

തനിമ അബ്ദുല്ലയുടെ സ്മരണയിൽ മാപ്പിളപ്പാട്ട് മത്സരം സംഘടിപ്പിച്ചു

മൊഗ്രാൽ: കാസർകോടിന്റെ മാപ്പിളപ്പാട്ട് പാരമ്പര്യത്തെയും, അതിലുപരി മൊഗ്രാൽ എന്ന കലാ ഗ്രാമത്തിന്റെ ഇശൽ പെരുമയെയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ച എം കെ അബ്ദുല്ല എന്ന തനിമ അബ്ദുല്ലയുടെ സ്മരണ പുതുക്കി മൊഗ്രാൽ ദേശീയവേദി അനുസ്മരണ പരിപാടി സംഘടിപ്പിച്ചു.

എം കെ അബ്ദുള്ളയുടെ ആറാം ചരമവാർഷിക ദിനത്തോടനുബന്ധിച്ചാ യിരുന്നു പരിപാടി. ദേശീയ വേദിയുടെ വാട്സാപ്പ് ഗ്രൂപ്പ് വഴി ഇശൽ ഗ്രാമത്തിലെ കലാകാരന്മാർ തനിമയാർന്ന മാപ്പിളപ്പാട്ടുകൾ ആലപിച്ച് കൊണ്ടാണ് സ്മരണ പുതുക്കിയത്. ദേശീയവേദി ഭാരവാഹികളായ മുഹമ്മദ് അബ്കോ, ടി കെ ജാഫർ, എം എ മൂസ, പി എം മുഹമ്മദ് കുഞ്ഞി ടൈൽസ്, ഇബ്രാഹിം ഖലീൽ, ടി എ ജലാൽ, റിയാസ്, എ എം സിദ്ദീഖ് റഹ്മാൻ, അർഫാദ്, ശരീഫ്, ബച്ചി, സാഹിർ നൗഷാദ്, അഷ്റഫ് എം എ കെ, ഷമീർ ആഷിഖ്, അസീസ് എന്നിവർ പരിപാടി നിയന്ത്രിച്ചു.

കെ. സുരേഷ് അനുസ്മരണം നടത്തി

നീലേശ്വരം: ഡി.വൈ.എഫ്.ഐ നീലേശ്വരം ബ്ലോക്ക് കമ്മിറ്റി അംഗമായിരിക്കെ മരണപ്പെട്ട കെ. സുരേഷിന്റെ പന്ത്രണ്ടാം ചരമ വാർഷിക ദിനം ആചരിച്ചു.

കീഴ്മാലയിലെ സ്മാരക സ്തൂപത്തിൽ ഡി. വൈ. എഫ്. ഐ. മുൻ ജില്ലാ സെക്രട്ടറി സാബു അബ്രഹാം പുഷ്പ ചക്രം അർപ്പിച്ചു. അനുസ്മരണ യോഗം ഡി.വൈ.എഫ്.ഐ. ജില്ലാ പ്രസിഡന്റ് പി. കെ.നിഷാന്ത് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പ്രസിഡന്റ് ഒ. വി. പവിത്രൻ ആധ്യക്ഷം വഹിച്ചു. വി. പ്രകാശൻ, കെ. ലക്ഷ്മണൻ, കെ. സതീശൻ, കെ. എം. വിനോദ്, കെ. മണി, എം. എ. നിതിൻ സംസാരിച്ചു.

കീഴ്മാലയിൽ നടന്ന കെ.സുരേഷ് അനുസ്മരണ ദിനാചരണ പരിപാടി

വസ്ത്രങ്ങൾ വിതരണം ചെയ്തു

കഞ്ഞങ്ങാട്: കാഞ്ഞങ്ങാട് റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ അമ്പലത്തറ മൂന്നാം മൈൽ സ്നേഹാലയത്തിലെ അന്തേവാസികൾക്ക് വേണ്ടി വസ്ത്രങ്ങൾ വിതരണം ചെയ്തു. കാഞ്ഞങ്ങാട് റോട്ടറി ക്ലബ്ബ് പ്രസിഡണ്ട് ബി ഗിരീഷ് നായക്, അംഗങ്ങളായ കെ കെ സേവിച്ചൻ, സെക്രട്ടറി ജയേഷ്, കെ ജനാർദ്ദനൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

അനുമോദിച്ചു

കളനാട്: എസ് എസ് എഫ് ഉദുമ ഡിവിഷനിൽ കീഴിൽ ഹൈ സെൽ സമിതി ലോക് ഡൗൺ കാലയളവിൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഹൈ സെൽ ലോക് ഡൗൺ ഫെസ്റ്റിൽ മുഹമ്മദ് ഇർഷാദ് കുണ്ടംകുഴി ഹയർസെക്കൻഡറി സഹൽ ദുർഗ്ഗ ഹയർസെക്കൻഡറി സിനാൻ കുണിയ ഹയർ സെക്കണ്ടറി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ട്രോഫി വിതരണം എസ് എസ് എഫ് ഉദുമ ഡിവിഷൻ പ്രസിഡന്റ് മൻസൂർ കൈനോത്തിന്റെ അധ്യക്ഷതയിൽ അബ്ദുൽ ജബ്ബാർ ബിലാൽ നിർവ്വഹിച്ചു. സഅദ് സ്വാഗതവും ആഷിക് ഹദ്ദാദ് നന്ദിയും പറഞ്ഞു.

സ്വർണ്ണ കടത്ത് കേസിൽ നിന്ന് രക്ഷപ്പെടാനാണ് മുഖ്യമന്ത്രിയും കൂട്ടരും ശ്രമിക്കുന്നത്: പി രഘുനാഥ്

കാസർകോട്: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശ്രദ്ധിക്കാനല്ല സ്വർണ്ണ കടത്ത് കേസിൽ നിന്ന് രക്ഷപ്പെടാനാണ് മുഖ്യമന്ത്രിയും കൂട്ടരും ശ്രമിക്കുന്നതെന്ന് ബിജെപി സംസ്ഥാന സെക്രട്ടറി പി രഘുനാഥ് പറഞ്ഞു. ബിജെപി കാസർകോട് ജില്ലാ കമ്മിറ്റി ഓഫീസിൽ നടന്ന ജില്ലാ നേതൃ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേസിൽ മുഖ്യമന്ത്രി അകത്താകുമെന്നതുകൊണ്ടാണ് കേസ് രാഷ്ട്രീയപ്രേരിതമാണെന്ന് സിപിഎം നേതാക്കൾ ഉന്നയിക്കുന്നത് .തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ എൽ ഡി എഫും, യു ഡി എഫും പരസ്പര ധാരണയിലാണ് മത്സരിക്കുന്നതെന്നും ബിജെപി യെ പരാജയപ്പെടുത്താൻ ഒത്തുതീർപ്പു രാഷ്ട്രീയത്തിലാണ് അവരെന്നും രഘുനാഥ് ആരോപിച്ചു.

ബിജെപി ജില്ലാ പ്രസിഡന്റ് കെ ശ്രീകാന്ത് ആധ്യക്ഷം വഹിച്ചു. പ്രമീള സി നായിക്, കെ ഗണേഷ്, സതീശ്ചന്ദ്ര ഭണ്ഡാരി, പി സുരേഷ് കുമാർ ഷെട്ടി, വി ബാലകൃഷ്ണ ഷെട്ടി, തുടങ്ങിയവർ സംസാരിച്ചു. എ വേലായുധൻ സ്വാഗതവും സുധാമ ഗോസാഡ നന്ദിയും പറഞ്ഞു.

പ്രവാസി കോൺഗ്രസ് ജില്ലാ കമ്മിറ്റി സംസ്ഥാന സർക്കാരിനെതിരെ നടത്തിയ വഞ്ചനാ ദിനാചരണം കെ.പി.സി.സി. ജനറൽ സെക്രട്ടറി കെ.പി. അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു

ശ്രദ്ധ ക്ഷണിക്കൽ പ്രതിഷേധം

കാസർകോട്: ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് പുനരധിവാസവും നഷ്ടപരിഹാരവും ആവശ്യപ്പെട്ട് വ്യാപാരി വ്യവസായ സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ദേശീയ പാതയോരത്ത് 46 കേന്ദ്രങ്ങളിൽ ശ്രദ്ധക്ഷണിക്കൽ പ്രതിഷേധം സംഘടിപ്പിച്ചു. ജില്ലാ സെക്രട്ടറി രാഘവൻ വെളുത്തോളി കാസർകോട്ടും ജില്ലാ പ്രസിഡന്റ് പി കെ ഗോപാലൻ പെരിയാട്ടടുക്കത്തും ട്രഷറർ പി ദാമോദരൻ നീലേശ്വരത്തും സമരം ഉദ്ഘാടനം ചെയ്തു. ശോഭ ബാലൻ, ഉദയൻ പാലായി, സത്യൻ പടന്നക്കാട്, കെ എച്ച് മുഹമ്മദ് എന്നിവർ മറ്റു സ്ഥലങ്ങളിലും പ്രതിഷേധം ഉദ്ഘാടനം ചെയ്തു.

ബേക്കൽ കോട്ടയിലേക്കുള്ള സ്വാഗത കമാനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

ബേക്കൽ: ബേക്കൽ കോട്ടയിലേക്കുള്ള സ്വാഗത കമാനത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിങ് വഴി നിർവ്വഹിച്ചു. ചടങ്ങിൽ ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ആധ്യക്ഷം വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എം പി,ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് എ ജി സി ബഷീർ എന്നിവർ മുഖ്യാതിഥികളാകും. ടൂറിസം വകുപ്പ് സെക്രട്ടറി റാണി ജോർജ് മുഖ്യപ്രഭാഷണം നടത്തി. ടൂറിസം വകുപ്പ് ഡയറക്ടർ പി ബാലകിരൺ റിപ്പോർട്ട് അവതരിപ്പിച്ചു. കെ.കുഞ്ഞിരാമൻ എം എൽ എ,ജില്ലാകളക്ടർ ഡോ ഡി സജിത് ബാബു, ജനപ്രതിനിധികൾ ചടങ്ങിൽ സംബന്ധിച്ചു.

ദുആ മജ്‌ലിസും അനുസ്മരണവും നടത്തി

കാസർകോട്: മുൻ ചെമ്മനാട് ഗ്രാമപഞ്ചായത്ത് അംഗവും എസ് വൈ എസ് ചെമ്മനാട് പഞ്ചായത്ത് വൈസ് പ്രസിഡണ്ടും ഉദുമ മേഖല കൗൺസിലറുമായ ശംസുദ്ധീൻ ചെമ്പിരിക്കയുടെ പേരിൽ എസ് വൈ എസ് ചെമ്മനാട് പഞ്ചായത്ത് കമ്മിറ്റി ദുആമജ്‌ലിസും അനുസ്മരണവും നടത്തി.ഉസ്മാൻ ഫൈസി മലപ്പുറം ദുആ മജ്‌ലിസിന് നേതൃത്വം നൽകി.

താജുദ്ധീൻ ചെമ്പിരിക്ക ആധ്യക്ഷം വഹിച്ചു. ജില്ലാ കൗൺസിലർ അബ്ദുൽ ഖാദർ കളനാട് ഉദ്ഘാടനം ചെയ്തു. ഖാദർ കണ്ണമ്പള്ളി സ്വാഗതം പറഞ്ഞു.കെ കെ മുഹമ്മദ് കുഞ്ഞി, യൂസഫ് മൗലവി, സിബി ശരിഫ്, അബ്ദുൽ റഹിമാൻ, അബ്ദുല്ല, മുഹമ്മദ് സഹദ് സി കെ എന്നിവർ പ്രസംഗിച്ചു.

എസ്.വൈ.എസ് ചെമ്മനാട് കമ്മിറ്റി നടത്തിയ ദുആ മജ്‌ലിസും അനുസ്മരണവും ചടങ്ങ്

കാസർകോട് താലൂക്ക് തല ഓൺലൈൻ പരാതി പരിഹാര അദാലത്ത് നടത്തി

കാസർകോട്: ജില്ലാകളക്ടർ ഡോ.ഡി സജിത് ബാബുവിന്റെ നേതൃത്വത്തിൽ കാസർകോട് താലൂക്ക്തല ഓൺലൈൻ പരാതി പരിഹാര അദാലത്ത് നടത്തി.അദാലത്തിലേക്ക് 27 പരാതികൾ പരാതികൾ ലഭിച്ചു. ഇതിൽ 24 പരാതികൾ തീർപ്പ് കൽപ്പിച്ചു. അവശേഷിക്കുന്ന പരാതികൾ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറികൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുക, പട്ടയ സ്കെച്ച് അനുവദിക്കുക,അപകടാവസ്ഥയിലുള്ള മരം മുറിച്ച് മാറ്റുക എന്നിവയായിരുന്നു അദാലത്തിൽ ലഭിച്ച പരാതികളിൽ ഏറെയും. തെക്കിൽ വില്ലേജിൽ മണ്ഡലിപ്പാറയിലെ സർക്കാർ ഭൂമിയിൽ വർഷങ്ങളായി താമസിച്ച് വരുന്ന ആറ് കുടംബങ്ങൾക്ക് ഒക്ടോബർ 31 നകം പട്ടയം നൽകുമെന്ന്,കളക്ടർ പറഞ്ഞു. കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഈ ആറ് കുടുംബങ്ങൾ,അദാലത്തിലേക്ക് പരാതി നൽകിയിരുന്നുബാങ്ക് ലോൺ ആവശ്യത്തിന് പട്ടയ സ്കെച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് തെക്കിൽ വില്ലേജിലെ പി ഗോപാലൻ നായർ സമർപ്പിച്ച പരാതിയിൽ,ബാങ്ക് ലോൺ അനുവദിച്ച് കിട്ടുന്നതിന് പട്ടയസ്കെച്ച് ആവശ്യമില്ലെന്ന് കളക്ടർ അറിയിച്ചു. എ ഡി എം എൻ ദേവീദാസ്,ഡെപ്യൂട്ടി കളക്ടർ കെ രവികുമാർ, തഹസിദാർ എ.വി.രാജൻ, എൽ ആർ തഹസിൽദാർ ആർ കെ സുനിൽ, വിവിധ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

മുഹിമ്മാത്ത് മദ്ഹൂർറസൂൽ ഫൗണ്ടേഷൻ മുത്ത് നബി പ്രകീർത്തന സദസ്സിന്റെ നാലാം ദിവസത്തെ പരിപാടിയിൽ സയ്യിദ് പൂക്കുഞ്ഞി തങ്ങൾ ആദൂർ പ്രാർത്ഥന നടത്തുന്നു

ടാറ്റാ കോവിഡ് ആശുപത്രി തുറക്കാത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് ഉപവാസ സമരം നടത്തും

ചട്ടഞ്ചാൽ : ടാറ്റാ കോവിഡ് ആശുപത്രി പണി പൂർത്തിയായിട്ട് സർക്കാറിന് കൈമാറി മാസങ്ങളായിട്ടും തുറന്ന് കൊടുക്കാത്തതിൽ പ്രതിഷേധിച്ച് നവംബർ 2 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ഹോസ്പിറ്റൽ കെട്ടിടത്തിന് മുന്നിൽ ഉദുമ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ഉപവാസ സമരം നടത്തും. സർക്കാറിന് ഒരു രൂപ പോലും ചിലവില്ലാതെയാണ് 4 മാസം കൊണ്ട് ടാറ്റാ ഹോസ്പിറ്റൽ പൂർത്തികരിച്ച് കിട്ടിയത്. ഡി.സി.സി പ്രസിഡ് ഹക്കീം കുന്നിൽ യോഗം ഉദ്ഘാടനം ചെയ്തു.

ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സി.രാജൻ പെരിയ അദ്ധ്യക്ഷത വഹിച്ചു. ഡി.സി.സി. ഭാരവാഹികളായ വി.ആർ. വിദ്യാസാഗർ, ഗീതാകൃഷ്ണൻ, ബാബു മണിയങ്കാനം, എ. കെ.ശശിധരൻ, കെ.വി.ഭക്തവത്സലൻ, വി.കണ്ണൻ, വാസു മാങ്ങാട്, കൃഷ്ണൻ, ട

അന്തരിച്ചു

വി.വി.കുഞ്ഞിക്കണ്ണൻ പണിക്കർ

പടന്നക്കാട്:മറത്തുകളി കലാകാരനുംകേരളാ ഫോക്‌ലോർ അക്കാദമി അവാർഡ് ജേതാവുമായ പടന്നക്കാട്ടെ വി.വി.കുഞ്ഞിക്കണ്ണൻ പണിക്കർ (83) അന്തരിച്ചു.

പത്തു ദിവസം മുമ്പ് വീട്ടിൽ വെച്ച് കുഴഞ്ഞ് വീണതിനെ തുടർന്ന് ആശുപത്രിയിൽ ചികത്സയിലായിരുന്നു . വ്യാഴാഴ്ച ഉച്ചയോടെ കാഞ്ഞങ്ങാട്ട് മൻസൂർ ഹോസ്പിറ്റിലായിരുന്നു അന്ത്യം .മറുത്തുകളി രംഗത്ത് അമ്പതോളം ക്ഷേത്രങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ചു. – മറുത്തുകളി രംഗത്തെ കഴിവുകൾ മാനിച്ച് 2015 ൽ കേരളാ ഫോക്‌ലോർ അക്കാദമി അവാർഡ് നൽകി ആദരിച്ചിരുന്നു. ഭാര്യ: പി കെ ജാനകി. മക്കൾ: പ്രിയംവദൻ, പ്രേമ ,രാജേഷ് ,മരുമകൾ: സന്ധ്യ (ഉദുമ) .

മോഹിനി ബി ഷെട്ടി

കാസർകോട്: നുള്ളിപ്പാടി സുരഭി കോളനിയിലെ പരേതനായ ഭാസ്ക്കർ ഷെട്ടിയുടെ ഭാര്യ മോഹിനി ബി ഷെട്ടി (83) അന്തരിച്ചു. മക്കൾ: ഭാഷാനി ഷെട്ടി (റിട്ട. ജെ എസ് വിദ്യാഭ്യാസ വകുപ്പ്), ഭരത് കുമാർ ഷെട്ടി (കോസ്റ്റ് അക്കൗണ്ടന്റ്), ബാലാദിത്യ ഷെട്ടി (റിട്ട. ബാങ്ക് ജീവനക്കാരൻ), ബീന ഷെട്ടി (ലൂക്ക്മി ടെയ്‌ലേഴ്സ്), ബിശ്വ രാജ ഷെട്ടി (ടാക്സി ഡ്രൈവർ, സിപിഎം നുള്ളിപ്പാടി ബ്രാഞ്ചംഗം). മരുമക്കൾ: വസന്തരാജ ഷെട്ടി (റിട്ട. ജെടിഒ), അരുണ ഷെട്ടി (ത്രിവേണി കോളേജ്), ആശാ ഷെട്ടി, ഹരീഷ ഷെട്ടി (റിട്ട. എസ് ഐ), സവിത ഷെട്ടി.

കെ.വി.ലക്ഷ്മി

കാഞ്ഞങ്ങാട്: ലക്ഷ്മിനഗർ, തെരുവത്തെ പരേതനായ കുചേലന്റെ ഭാര്യ കെ. വി. ലക്ഷ് മി (80) അന്തരിച്ചു. മക്കൾ: രാജൻ, പുരുഷോത്തമൻ, രാമു.

മരുമക്കൾ: ശുഭ രാജൻ, നളിനി പുരുഷോത്തമൻ, രേണുക രാമു.

കണ്ണോത്ത് കൃഷ്ണൻ

നീലേശ്വരം: റിട്ടേർഡ് ആയുർവേദ ആശുപത്രി ജീവനക്കാരൻ കരിന്തളം ഓമച്ചേരിയിലെ കണ്ണോത്ത് കൃഷ്ണൻ (68) അന്തരിച്ചു. പരേതരായ പട്ടുവക്കാരൻ രാമന്റെയും കണ്ണോത്ത് കുഞ്ഞാതിയമ്മയുടെയും മകനാണ്. ഭാര്യ: കെ. ശോഭന. മക്കൾ. കെ.അരുൺ, ആശ (അദ്ധ്യാപിക വേങ്ങര എ എൽ പി.സ്ക്കൂൾ), അജിത്ത്.കെ. മരുമക്കൾ: കെ. സുനിത, ഷാബു, ഡോ.അശ്വതി. സഹോദരങ്ങൾ: അമ്പൂഞ്ഞി, കെ.കുഞ്ഞിരാമൻ, കെ.ഗംഗാധരൻ, കരുണാകരൻ, കെ.നാരായണി, കെ. ഭാസ്ക്കരൻ, പരേതരായ കെ.നാരായണൻ. കെ.ദാമോദരൻ.

ബാലകൃഷ്ണൻ

ഉദുമ: കളനാട്, വാണിയർ മൂലപുതിയപുരയിലെ ബാലകൃഷ്ണൻ (60) അന്തരിച്ചു. ഓട്ടോ ഡ്രൈവറായിരുന്നു. ഭാര്യ: ബാലാമണി (അംഗൺവാടി വർക്കർ). മക്കൾ: ബജിഷ, ബൈജിത്ത്, ബവിത്ത്, വിപിൻ. മരുമകൾ: ലാവണ്യ. സഹോദരങ്ങൾ: കുഞ്ഞമ്മ, പരേതനായ വെള്ളച്ചി, ചോ യിച്ചി, അപ്പക്കുഞ്ഞി, ചിറ്റേയി, കണ്ണൻ.

കോമൻ ആചാരി

പൊയിനാച്ചി: നെല്ലിയടുക്കം കുന്നുമ്മലിലെ (നിടുംപാറ) കോമൻ ആചാരി (87) അന്തരിച്ചു. ഭാര്യ: പരേതയായ അമ്മിണി. മക്കൾ: രാഘവൻ ആചാരി, ബാലകൃഷ്ണൻ ആചാരി, ഉമേശൻ, രാധ, പുഷ്പ, രജനി, ശാലിനി. മരുമക്കൾ: പാർവ്വതി, ശാരദ, ശ്യാമള, ദാമോദരൻ, കുഞ്ഞിക്കണ്ണൻ, അശോകൻ, പരേതനായ രവി.സഹോദരങ്ങൾ: കരുണാകരൻ ആചാരി, മാധവി, യശോദ, പരേതരായ കാരിച്ചി, ഭാർഗവി.

വിനോദസഞ്ചാര മേഖലയിൽ അനന്ത സാധ്യതകളുമായി മൊഗ്രാൽ

മൊഗ്രാൽ പുഴയിലെ തുരുത്ത്

മൊഗ്രാൽ: വിനോദസഞ്ചാര മേഖലയിൽ അനന്ത സാധ്യതകൾ വെട്ടിത്തുറന്ന് മൊഗ്രാൽ പുഴയോരവും കടലോരവും. മൊഗ്രാലിലെ വിവിധ പ്രദേശങ്ങൾ ഉൾക്കൊണ്ട് കിലോമീറ്ററുകൾ വ്യാപിച്ചു കിടക്കുന്നതാണ് മൊഗ്രാൽ പുഴയോരം. മൂന്ന് കിലോമീറ്റർ വ്യാപിച്ച് കിടക്കുന്നതാണ് നാങ്കി മുതൽ കൊപ്പളം വരെയുള്ള കടലോര പ്രദേശം. പുഴയിൽനിന്ന് തോണിയിലൂടെ സഞ്ചരിച്ചാൽ അങ്ങ് അറബി കടലിൽ ചെന്ന് ചേരാനും സാധിക്കും.ജലഗതാഗത രംഗത്ത് മുമ്പേ അറിയപ്പെട്ടിരുന്ന പ്രദേശമാണ് മൊഗ്രാൽ പുഴയോരവും കടവും. മൊഗ്രാൽ പാലം ഇല്ലാതിരുന്ന കാലത്ത് തോണികളായിരുന്നു ഇവിടെ ജലഗതാഗതത്തിന് ഉപയോഗിച്ചിരുന്നത്. റോഡ് ഗതാഗതം അഭിവൃദ്ധി പ്രാപിച്ചതോടെയായിരുന്നു മൊഗ്രാൽ പുഴയിലെ ജലഗതാഗതം അന്യമായത്. മാലിന്യനിക്ഷേപകേന്ദ്രമായിരുന്നു പുഴയും, പുഴയോരവും. മൊഗ്രാൽ ദേശീയ വേദിയുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളും, പ്രദേശവാസികളും നിരന്തരമായി നടത്തിയ സമരങ്ങൾ മൂലം ഒരുപരിധിവരെ മാലിന്യ നിക്ഷേപത്തിന് തടയിടാൻ കഴിഞ്ഞു. വരും കാലത്തെ മുന്നിൽ കണ്ടുകൊണ്ട് ഭാവനാപൂർണമായ നടപടികളിലൂടെ മൊഗ്രാൽ പുഴയോരവും, കടലോരവും ടൂറിസം വികസനത്തിലൂടെ മാറ്റിയെടുക്കാനാകുമെന്ന് നാട്ടുകാർ വിശ്വസിക്കുന്നു. നാടിന്റെ ചരിത്രവും, പാരമ്പര്യവും പരിചയപ്പെടാനും, ആരോഗ്യ പരിപാലനത്തിനുള്ള തനതു രീതികൾ പരീക്ഷിച്ചു നോക്കാനുമൊക്കെ ഇവിടെ സൗകര്യമൊരുക്കണം. ഇതിന് പറ്റിയ ഇടം കൂടിയാണ് മൊഗ്രാൽ കടലോരവും പുഴയോരവും. ജലവാഹിനിയുടെ പ്രദേശങ്ങൾ കൂട്ടിയിണക്കി കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് വഴി തുറക്കണമെന്ന ആവശ്യവുമായി മൊഗ്രാൽ ദേശീയവേദി രംഗത്തുവന്നു.ഇതോടൊപ്പം മൊഗ്രാൽ കടലോര സൗന്ദര്യവൽക്കരണ പദ്ധതി നടപ്പിലാക്കണമെന്നാണ് മറ്റൊരു ആവശ്യം. മൊഗ്രാലിലെ ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട് ജില്ലാ വികസന പാക്കേജ് ചെയർമാൻ കൂടിയായ ജില്ലാ കലക്ടർക്കും, കുമ്പള ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, വികസനകാര്യ കമ്മിറ്റി ചെയർമാൻ എന്നിവർക്കും ദേശീയവേദി ഭാരവാഹികൾ നിവേദനം നൽകി. ഭാരവാഹികളായ മുഹമ്മദ് അബ്കോ, എം എം റഹ്മാൻ, ടി കെ ജാഫർ, എം എ മൂസ, പി എം മുഹമ്മദ് കുഞ്ഞി, ഇബ്രാഹിം ഖലീൽ, വിജയകുമാർ, എക്സിക്യൂട്ടീവ് അംഗമായ ടി കെ അൻവർ എന്നിവരാണ് നിവേദന സംഘത്തിൽ ഉണ്ടായിരുന്നത്.

മുഹിമ്മാത്ത് മദ്ഹൂർറസൂൽ ഫൗണ്ടേഷൻ പ്രവാചക പ്രകീർത്തന സദസ്സിന്റെ അഞ്ചാം ദിവസത്തെ പരിപാടിക്ക് സയ്യിദ് മദനി തങ്ങൾ മൊഗ്രാൽ നേതൃത്വം നൽകുന്നു.

മുഹിമ്മാത്ത് മുത്ത് നബി പ്രകീർത്തനം ശ്രദ്ധേയമാകുന്നു

പുത്തിഗെ: ഇഷ്ക്കിന്റെ നിലയ്ക്കാത്ത പ്രവാഹമായി മുഹിമ്മാത്ത് മുത്ത് നബി പ്രകീർത്തനം ശ്രദ്ധേയമാകുന്നു. റബീഉൽ അവ്വൽ ഒന്ന് മുതൽ 12 വരെ എല്ലാ ദിവസവും അസർ നിസ്ക്കാരാനന്തരമാണ് പരിപാടി. വിവിധ ദിവസങ്ങളിൽ പ്രഗത്ഭ നേതൃത്വവും മുഹിമ്മാത്തിലെ മുദരിസുമാർ വിഷയാവതരണവും നടത്തുന്നു. മുഹിമ്മാത്ത് മദ്ഹൂർറസൂൽ ഫൗണ്ടേഷൻ എന്ന പേരിലുള്ള പരിപാടിക്ക് 15 വർഷങ്ങൾക്ക് മുമ്പ് മുഹിമ്മാത്ത് ശിൽപി സയ്യിദ് ത്വാഹിറുൽ അഹ്ദൽ തങ്ങളാണ് തുടക്കം കുറിച്ചത്.

കോവിഡ് നിയന്ത്രണങ്ങൾ പാലിച്ച് കൊണ്ടാണ് പരിപാടികൾ നടന്നു വരുന്നത്. യൂട്യൂബ്, ഫേസ്ബുക്ക് എന്നീ സമൂഹ മാധ്യമങ്ങളിലൂടെ പ്രവാസികളുൾപ്പെടെ ആയിരങ്ങളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. പ്രകീർത്തനം, പ്രഭാഷണം തുടങ്ങിയ പരിപാടി മുത്ത് നബി പ്രകീർത്തനത്തിന്റെ ഭാഗമായി നടക്കുന്നു.

അഞ്ചാം ദിനമായ വ്യാഴാഴ്ച നടന്ന പ്രകീർത്തന സദസ്സിന് സയ്യിദ് മദനി തങ്ങൾ മൊഗ്രാൽ നേതൃത്വം നൽകി, മൂസ സഖാഫി കളത്തൂർ ആമുഖ പ്രഭാഷണം നടത്തി. വൈ എം അബ്ദുൽ റഹ്മാൻ അഹ്സനി, സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ, അബ്ദുൽ ഖാദർ സഖാഫി മൊഗ്രാൽ, കന്തൽ സൂപ്പി മദനി സംബന്ധിച്ചു.

ദേളി സഅദിയ്യയിൽ നടന്ന മുല്ലച്ചേരി അബ്ദുൾ റഹ്മാൻ ഹാജി അനുസ്മരണ പ്രാർത്ഥനാ സംഗമത്തിന് ജന.സെക്രട്ടറി സയ്യിദ് ഫസൽ കോയമ്മ തങ്ങൾ കുറാ നേതൃത്വം നൽകുന്നു

വിവാഹപ്രായം; നിയമമല്ല ബോധവൽക്കരണമാണ് വേണ്ടത്: എം.എസ്.എഫ്

കാസർകോട്: ശാരീരിക പക്വതയ്ക്കു പുറമേ മാനസികവും സാമൂഹികവുമായ മാറ്റത്തിന് വിധേയമാകുമ്പോൾ ആണ് വ്യക്തി പക്വത കൈവരിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ 21 എന്ന പ്രായം വച്ച് വിവാഹത്തിന് ഒരു ലക്ഷ്മണരേഖ അശാസ്ത്രീയമാണെന്ന് എം.എസ്.എഫ് സംസ്ഥാന സെക്രട്ടറി ആബിദ് ആറങ്ങാടി പറഞ്ഞു.

മാതൃമരണ നിരക്ക് വർദ്ധിക്കുന്നതിനു കാരണം നേരത്തെയുള്ള വിവാഹമാണെന്ന് ബാലാവകാശ കമ്മീഷൻ പറയുന്നു, ഇത് തള്ളിക്കളയാൻ കഴിയില്ല. ധൃതിപിടിച്ച് മക്കളെ കുടുംബിനി ആക്കാതെ അവർക്കിഷ്ടം പഠനം ആണെങ്കിൽ അതിനുള്ള അവസരം നൽകിയിരിക്കണം, നേരത്തെയുള്ള വിവാഹം സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതിയെ പിറകോട്ട് തള്ളുന്നതാണ്. 15 വയസ്സിനു മുകളിലുള്ള ക്ലാസ്സുകളിൽ ഇത്തരം കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക വിഷയങ്ങൾ സിലബസിൽ ഉൾപ്പെടുത്തണമെന്നും ആബിദ് ആറങ്ങാടി കൂട്ടിച്ചേർത്തു.

ബി ജെ പി പരപ്പ ബൂത്ത് കമ്മിറ്റി കിനാനൂർ -കരിന്തളത്തു നടത്തിയ പ്രതിഷേധ സമരം

ബി ജെ പി പ്രതിഷേധ സമരം നടത്തി

നീലേശ്വരം: ജലജീവൻ പദ്ധതി കിനാനൂർ കരിന്തളം പഞ്ചായത്തിൽ നടപ്പിലാക്കാത്തതിനെതിരെ ബിജെപി പരപ്പ ബൂത്ത് കമ്മിറ്റി പ്രതിഷേധ സമരം സംഘടിപ്പിച്ചു. രാജ്യത്താകമാനം എല്ലാവരിലേക്കും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ജലജീവൻ പദ്ധതി കിനാനൂർ കരിന്തളം പഞ്ചായത്തിൽ നടപ്പിലാക്കാതെ ശുദ്ധമായ കുടിവെള്ളം ലഭിക്കുക എന്ന ജനങ്ങളുടെ അവകാശം പഞ്ചായത്ത് അധികൃതർ നിഷേധിക്കുന്നുവെന്ന് ബി ജെ പി കുറ്റപ്പെടുത്തുന്നു. പരപ്പയിലെ തുമ്പ, മോലോത്തും കുന്ന്, പന്നിയെറിഞ്ഞി കൊല്ലി പോലുള്ള കോളനികളിൽ പല വീടുകളിലും കുടിവെള്ളം ഇതുവരെ എത്തിയിട്ടില്ല, എന്നിട്ടും സമ്പൂർണ്ണ കുടിവെള്ളപദ്ധതി നടപ്പിലാക്കി എന്ന് പറഞ്ഞു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്, നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയിൽ പലയിടങ്ങളിലും ജലം ലഭിക്കുന്നില്ല, ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പോലും ഇല്ലാതാക്കാനുള്ള ശ്രമത്തിനെതിരെ ബി ജെപി ശക്തമായ സമരവുമായി മുന്നോട്ട് പോകുമെന്ന് പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്ത കർഷകമോർച്ച ജില്ല പ്രസിഡന്റ് വി കുഞ്ഞിക്കണ്ണൻ ബളാൽ പറഞ്ഞു.

എൻ കെ രാഹുൽ അധ്യക്ഷനായി. ശശി നമ്പ്യാർ, മധു, പ്രമോദ്, കെ ഹരികൃഷ്ണൻ സംസാരിച്ചു.രവി പാലക്കിൽ സ്വാഗതവും ഇ മുരളീധരൻ നന്ദിയും പറഞ്ഞു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4710
പവന്: 37680
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

കേരള കേന്ദ്രസർവ്വകലാശാല രജിസ്ട്രാർക്ക് യാത്രയയപ്പ്

പെരിയ: കേരള കേന്ദ്രസർവ്വകലാശാല രജിസ്ട്രാർ ഡോ. എ. രാധാകൃഷ്ണൻ നായർക്ക് യാത്രയയപ്പ് നൽകി. സർവ്വകലാശാലയിൽ ഓൺലൈനായി നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ സർവ്വകലാശാല അധ്യാപക-അനധ്യാപക ജീവക്കാർ ആശംസകളർപ്പിച്ചു.

സർവ്വകലാശാലയ്ക്ക് വേണ്ടി വൈസ് ചാൻസലർ പ്രൊഫസർ എച്ച്. വെങ്കിടേശ്വരലു ഉപഹാരം നൽകി.

കോട്ടിക്കുളം മേൽപാല നിർമ്മാണം വൈകുന്നു

പാലക്കുന്ന് : നിർദ്ദിഷ്ട കോട്ടിക്കുളം റെയിൽവേ മേൽപാല നിർമ്മാണത്തിന് ടെണ്ടർ ക്ഷണിക്കാൻ വൈകുന്നത് റെയിൽവേ അധികൃതരുടെ അനുമതി ലഭിക്കാനുള്ള കാലതാമസംമൂലമാണെന്ന് പരാതി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് കോട്ടിക്കുളം റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് സർക്കാർ ഏൽപ്പിച്ചിട്ടുള്ളത്. കിഫ്ബി 19.60 കോടി രൂപ അതിനായി അനുവദിക്കുകയും ചെയ്തു. സംഗമ സ്ഥാനത്തെ 'ബെൽമൗത്ത്സി'ന് ആവശ്യമായതൊഴികെയുള്ള ഭൂമി റയിൽവേ നേരത്തേ ഇതിനായി വാങ്ങിയിട്ടുണ്ട്. 2.47 കോടി രൂപ കൊടുത്ത് വാങ്ങിയിട്ടുള്ള 0.4739 ഹെക്ടർ ഭൂമിയുടെ വില 'അഡ്ജസ്റ്റ്' ചെയ്യണമെന്ന് റെയിൽവേ സംസ്ഥാന സർക്കാരിനോട് പിന്നീട് ആവശ്യപ്പെട്ടു. ആ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റെയിൽവേയിൽ നിന്ന് സംസ്ഥാനത്തിന്റെ പേരിലേക്ക് മാറ്റി നൽകണമെന്ന ഉപാധിയോടെ സംസ്ഥാനം തങ്ങളുടെ സമ്മതം ചെന്നൈയിലെ ദക്ഷിണ റെയിൽവേ ജനറൽ മാനേജരെ അറിയിച്ചിരുന്നു. നാളിതുവരെ അവിടെ നിന്ന് ഒരു മറുപടിയും ലഭിച്ചിട്ടില്ലെന്നും റയിൽവേയുടെ അനുമതി കിട്ടിയശേഷമേ മേൽപാല നിർമ്മാണത്തിന്റെ ജോലിക്കാവശ്യമായ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്നും ആർ.ബി.ഡി.സി.കെ. മാനേജിങ് ഡയറക്ടർ വ്യക്തമാക്കുന്നു. പാലം നിർമ്മാണം ഉടനെ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രി ജി.സുധാകരന്

പാലക്കുന്ന് കഴകം കരിപ്പോടി പ്രാദേശിക സമിതി ഭാരവാഹികൾ നേരിട്ട് നൽകിയ നിവേദനത്തിനുള്ള മറുപടിയിലാണ് എം.ഡി. ഇക്കാര്യം അറിയിച്ചത്.

മേൽപ്പാല നിർമ്മാണം വൈകുന്നതിൽ പ്രതിഷേധിച്ചു കരിപ്പോടി പ്രാദേശിക സമിതിയുടെ നേതൃത്വത്തിൽ വിവിധ സാമൂഹിക, രാഷ്ട്രീയ, സാമുദായിക സംഘടനകളെ പങ്കെടുപ്പിച്ചു നേരത്തെ പാലക്കുന്നിൽ ഏകദിന സൂചനാ ഉപവാസ സമരം നടത്തിയിരുന്നു.

സന്ദർശിച്ചു

കാഞ്ഞങ്ങാട്: സമസ്ത ജനറൽ സെക്രട്ടറി ആലിക്കുട്ടി മുസ്ലിയാർ നോർത്ത് ചിത്താരിയിലെ മെട്രോ മുഹമ്മദ് ഹാജിയുടെ വീടും,കബറും സന്ദർശിച്ച് പ്രാർത്ഥന നടത്തി.ചിത്താരി ജമാഅത്ത് ആക്ടിങ് പ്രസിഡന്റ് സാലി ഹാജി,ജനറൽ സെക്രട്ടറി സി.എച്ച് മുഹമ്മദ് കുഞ്ഞി ഹാജി, അന്തുമായി ഹാജി, സി.കെ ആസിഫ്, സി.എച്ച്. ഹുസൈൻ, സി.ബി കരീം,മുഹമ്മദലി, പി അബൂബക്കർ സംബന്ധിച്ചു.

അനുമോദിച്ചു

കാഞ്ഞങ്ങാട്:നീറ്റ് പരീക്ഷയിൽ റാങ്ക് കരസ്ഥമാക്കി നാടിന്നഭിമാനമായ ഇട്ടമ്മൽ കൊളവയലിലെ പരേതനായ മുഹമ്മദ് ഖൈറുന്നീസയുടെ മകൾ അമീന മുഹമ്മദിന് ഇക്ബാൽ നഗർ ശാഖ മുസ്ലിം യൂത്ത്ലീഗ് സ്നേഹോപഹാരം നൽകി അനുമോദിച്ചു.

തിരഞ്ഞെടുപ്പിൽ മത്സരിക്കും: പി.ഡി.പി

കാസർകോട്: ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കാസർകോട് ജില്ലയിൽ എല്ലായിടത്തും പി. ഡി.പി സ്ഥാനാർത്ഥികൾ മത്സരിക്കും. ബി. ജെ.പി സംഘപരിവാർ സംഘടനകൾ ഒഴികെ മറ്റു രാഷ്ട്രീയ പാർട്ടികളുമായും മുന്നണികളുമായും സഹകരിക്കാവുന്ന പ്രാദേശിക തലങ്ങളിൽ ധാരണയോടെ പിഡി.പി സ്ഥാനാർത്ഥികളെ നിർത്തും.

അല്ലാത്തിടത്ത് ഒറ്റയ്ക്ക് മത്സരിക്കുമെന്നും പിഡി.പി സംസ്ഥാന സെക്രട്ടറി സുബൈർ പടുപ്പ് പറഞ്ഞു.

ടാറ്റാ കോവിഡ് ആശുപത്രി പ്രവർത്തന സജ്ജമാക്കണം

ഉദുമ:ചട്ടഞ്ചാലിലെ തെക്കിലിൽ പുതിയതായി നിർമ്മിച്ച ടാറ്റാ കോവിഡ് ആശുപത്രിയിൽ എത്രയും പെട്ടെന്ന് എല്ലാവിധ സൗകര്യങ്ങളോടുംകൂടി രോഗികളെ ചികിൽസിക്കാനുള്ള നടപടി ഉണ്ടാകണമെന്ന് അച്ചേരി അർജ്ജുന ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് വാർഷിക ജനറൽ ബോഡി യോഗം സർക്കാരിനോടാവശ്യപ്പെട്ടു. അച്ചേരി പുഴയിൽ ബണ്ട് നിർമ്മിച്ച് ഇരുവശവും കരിങ്കൽ പാകി പുഴയെ സംരക്ഷിച്ച് കൊണ്ട് കാർഷിക ആവശ്യത്തിനായി ഉപയോഗപ്രദമാക്കണമെന്നും ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു. പുതിയ ഭാരവാഹികൾ: രാമകൃഷ്ണൻ വി(പ്രസി.), മുരളീകൃഷ്ണൻ പി(ജന. സെക്ര.), ജയകൃഷ്ണൻ കെ(ട്രഷ.).

കേരള കേന്ദ്ര സർവ്വകലാശാല രജിസ്ട്രാർ ഡോ. എ രാധാകൃഷ്ണൻ നായർക്ക് എച്ച് വെങ്കിടേശ്വരലു ഉപഹാരം നൽകുന്നു

അതിർത്തി റോഡുകളിൽ പരിശോധന നടത്താനുള്ള നീക്കം ഉപേക്ഷിക്കണം: ശ്രീകാന്ത്

കാസർകോട്: അതിർത്തി റോഡുകളിൽ പരിശോധന പുനരാരംഭിക്കാനുള്ള ജില്ലാ ഭരണകൂടത്തിന്റെ തീരുമാനം ഹൈക്കോടതി വിധിയെയും കേന്ദ്ര മാർഗനിർദേശങ്ങളെയും ലംഘിക്കാൻ വേണ്ടിയാണെന്നു ബിജെപി ജില്ലാ പ്രസിഡണ്ട് കെ ശ്രീകാന്ത് ആരോപിച്ചു. അതിർത്തി തുറന്നതു കൊണ്ട് കാസർകോട് ജില്ലയിൽ കോവിഡ് രോഗവ്യാപനം ഉണ്ടായിട്ടില്ല.

അനാവശ്യമായ പരിശോധന ജനങ്ങളെ ദുരിതത്തിലാക്കാൻ ലക്ഷ്യം വച്ചിട്ടുള്ളത് മാത്രമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് ജില്ലാ ഭരണകൂടം ഇത്തരം ജനവിരുദ്ധ സമീപനം സ്വീകരിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അന്തർസംസ്ഥാന യാത്ര സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ചിരിക്കുകയാണെന്നും ശ്രീകാന്ത് പറഞ്ഞു.

ഹരീഷിനെയും രതീഷിനെയും രാജാസ് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ആദരിക്കുന്നു

പൂർവ്വ വിദ്യാർത്ഥികളുടെ ആദരം

നീലേശ്വരം: ആംബുലൻസ് ഓട്ടോ സർവ്വീസ് ആരംഭിച്ച് ഇരുന്നൂറിലധികം പേരെ കോവിഡ് ടെസ്റ്റിംഗ് കേന്ദ്രത്തിൽ എത്തിച്ച് മാതൃകയായ നീലേശ്വരം രാജാസ് ഹയർ സെക്കണ്ടറി സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ ഹരീഷ് കരുവാച്ചേരി, എം. രതീഷ് എന്നിവരെ രാജാസിലെ 1987- '88 എസ്.എസ്.എൽ.സി ബാച്ച് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ആദരിച്ചു. ഡോ.വി. സുരേശൻ ഉദ്ഘാടനം ചെയ്തു. ഹരീഷിനെയും രതീഷിനെയും പൊന്നാട അണിയിച്ച് ഉപഹാര സമർപ്പണം നടത്തി. ബാച്ച് പ്രസിഡണ്ട് നന്ദകുമാർ കോറോത്ത് ആധ്യക്ഷം വഹിച്ചു. കെ.വി. പ്രിയേഷ്കുമാർ സ്വാഗതവും കെ.വി.സുനിൽ രാജ് നന്ദിയും പറഞ്ഞു. എ.വിനോദ്കുമാർ, സുരേഷ് സംസാരിച്ചു.

അമ്മംങ്കൽ പാലം ഉദ്ഘാടനം വൈകിട്ട്

ബോവിക്കാനം: ബാവിക്കര അമ്മംങ്കൽ പാലം ഉദ്ഘാടനം ഇന്നു വൈകിട്ട് മൂന്നിന് കെ.കുഞ്ഞിരാമൻ എം.എൽ. എ നിർവ്വഹിക്കും. പഞ്ചായത്ത് പ്രസിഡണ്ട് ഖാലിദ് ബെള്ളിപ്പാടി ആധ്യക്ഷം വഹിക്കും. പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.പ്രഭാകരൻ, പഞ്ചായത്തംഗം എം.മാധവൻ സംസാരിക്കും.

കൈത്താങ്ങായി ക്ലബ്ബ് പ്രവർത്തകർ

കാഞ്ഞങ്ങാട്: കിഡ്നി രോഗ ബാധിതരായ രണ്ടു യുവതികൾക്ക് കൈത്താങ്ങായി രാവണേശ്വരം ശോഭന ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെയും സെൻട്രൽ യൂത്ത് ക്ലബ്ബിന്റെയും യു എ ഇ പ്രവർത്തകർ . പരപ്പയിലെ ആശയ്ക്കും തണ്ണോട്ടെ രോഹിണിക്കുമാണ് ധനസഹായങ്ങൾ വിതരണം ചെയ്ത്. ആശയ്ക്കുള്ള സഹായധനം കുടുംബാംഗം ഞാണിക്കരടി.ചാത്തുകുട്ടിയെ സി പി ഐ ജില്ലാ സെക്രട്ടറി ഗോവിന്ദൻ പള്ളിക്കാപ്പിലും, രോഹിണിക്കുള്ള സഹായധനം ഭർത്താവ് തമ്പാനെ സി പി ഐ അജാനൂർ ലോക്കൽ കമ്മിറ്റി മെമ്പർ മുരളി കണ്ടത്തിലും കൈമാറി. ലോഹിതാക്ഷൻ, ഉണ്ണിരാജ് അഭിജിത് തുടങ്ങിയവർ പറഞ്ഞു.

THAKSHASILA COLLEGE
Bendichal Building, Near KSRTC Bus Stand
Kasaragod. Mob: 9447384704
• X, +2 (Science, Commerce) NIOS നൂറുമേനി
• +1 KSOS അഡ്മിഷൻ ആരംഭിച്ചു
• X NIOS+2 (Science, Commerce) അഡ്മിഷൻ ഏതാനും ദിവസങ്ങൾ മാത്രം.
• അണ്ണാമലൈ യൂണിവേഴ്സിറ്റി ഡിഗ്രി, P.G അഡ്മിഷൻ ആരംഭിച്ചു
• NB: X, +2 NIOS മാർക്ക് ഷീറ്റുകൾ 23.10.2020 മുതൽ വിതരണം ചെയ്യുന്നതാണ്. വാങ്ങാൻ പോകുന്ന കുട്ടികൾ മാസ്ക്കും സാനിറ്റൈസറും നിർബന്ധമായും കരുതേണ്ടതാണ്.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
Mob:9447384704

മൂന്നാം ചരമ വാർഷികം (23-10-2020)
ജനനം 14.10.1939
മരണം 23.10.2017
കൃഷ്ണ ബെളിച്ചപ്പാടൻ, മധൂർ
(